2011
ഒക്ടോബർ
Reg. No. 29542/76
Vol. 34. No: 10

# HIGHRANGE ECHO

ബ്രദറൺ ഗോസ്പൽ ടീമിന്റെ മുഖപത്രം

# സ്ഥലം സഭകളും സെന്ററും

(സുവിശേഷകൻ സെപ്റ്റംബർ 1985)

എം. ഇ. ചെറിയാൻ

ഒരു പ്രത്യേക പ്രദേശത്തുള്ള ചില സഭകൾ ചേർന്ന് ഒരു 'സെന്റർ' രൂപീകരിച്ചിരിക്കുന്നതായും ആ സെന്ററിലുള്ള സഭകൾ സെന്ററിന്റെ തീരുമാനങ്ങൾക്ക് വിധേയപ്പെട്ടു നടന്നുകൊള്ളണമെന്ന് നിർബന്ധമുള്ളതായുംകേൾക്കുന്നു. കൂടെക്കൂടെ ആ സെന്ററിലെ സഭകൾ സംയുക്ത സഭായോഗങ്ങൾ നടത്തും. അപ്പോൾ സെന്ററിൽ ഉൾപ്പെട്ട സഭകളിലെങ്ങും സഭായോഗം പാടില്ല! അഥവാ സഭായോഗം ഉണ്ടായാലും കർത്തൃമേശവെക്കരുത്. സെന്റർ പൊതുവിൽ അംഗീകരിക്കുന്ന സുവിശേഷകന്മാരെ മാത്രമേ സഭകളിൽ സ്വീകരിക്കാവൂ! സുവിശേഷപ്രവർത്തനങ്ങളൊക്കെ സെന്ററിന്റെ ആലോചനയോടും അനുമതിയോടും ചെയ്യണം. സെന്ററിന്റെ നിബന്ധനകൾ ആണ്.!

ഇങ്ങനെയുള്ള 'കേന്ദ്രസംഘടനകൾ' ഒരു പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കും നിലനില്പ്പിനും പ്രയോജനകരമാണെന്നതിനു സംശയമില്ല. ലോകത്തിലുള്ള എല്ലാ സംഘടനകൾക്കും ഏവം വിധങ്ങളായ കേന്ദ്രങ്ങളും ഭരണഘടനകളുമുണ്ട്.കേന്ദ്രവും കേന്ദ്രത്തലവനും ഉണ്ട്. ശാഖകൾ കേന്ദ്രത്തെ പൂർണ്ണമായി അനുസരിക്കുന്നു. അനുസരിക്കുന്നില്ലെങ്കിൽ കേന്ദ്രത്തിൽ നിന്ന് നിഷ്ക്കാസനം ചെയ്യപ്പെടുന്നു. ഏതു പ്രസ്ഥാനത്തിനും ഇങ്ങനെയുള്ള ശിക്ഷണ നടപടികൾ ആവശ്യവുമാണ്.

അതുകൊണ്ടാണ് പല സഭകൾക്കും കേന്ദ്രവും ഭരണവും ശിക്ഷണവും ഒക്കെ വേണമെന്ന് പലരും ആഗ്രഹിക്കുന്നതും അങ്ങനെ സഭകളെ സംഘടിപ്പിക്കുന്നതും എല്ലാ ക്രൈസ്തവ സഭകൾക്കും ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ കേന്ദ്രഭരണ ക്രമങ്ങൾ ഉണ്ടുതാനും. എപ്പിസ്കോപ്പൽ സഭകൾ എല്ലാം തന്നെയും ഉറച്ച, വ്യവസ്ഥാപിതമായ കേന്ദ്രനിയന്ത്രണങ്ങൾ ഉള്ളതാണ്. റോമൻ കത്തോലിക്ക സഭയ്ക്ക് അഖില ലോകകേന്ദ്രമാണുള്ളത്. അതുപോലെ അഖില ലോകത്തലവനും – മാർപ്പാപ്പാ ഉണ്ട്. മാർപാപ്പായുടെ കീഴിൽ കർദ്ദിനാളന്മാർ, ആർച്ചു ബിഷപ്പന്മാർ, ബിഷപ്പന്മാർ, പട്ടക്കാർ – ഇങ്ങനെ ഒരു ഉറച്ച ഭരണരീതിയാണ് അവർക്കുള്ളത്. അതുകൊണ്ട് ലോകത്തിൽ ഒരു വലിയ സ്ഥാപനമായി നിലനിൽക്കുവാൻ അവർക്കു സാധിക്കുന്നു. എപ്പിസ്കോപ്പൽ സഭകൾ എന്നറിയപ്പെടാത്ത പെന്തക്കോസ്തു സഭകൾക്കും കേന്ദ്രവും കേന്ദ്രക്കമ്മറ്റിയും പ്രസിഡന്റും ഒക്കെയുണ്ട്. ഒരു പ്രസ്ഥാനമെന്നുള്ള നിലയിൽ പെന്തക്കോസ്തരുടെ വളർച്ചയ്ക്കും നിലനില്പിനും കേന്ദ്രഭരണരീതി സഹായമായിട്ടുണ്ട്.

എന്തുകൊണ്ട് അങ്ങനെ ഏതെങ്കിലും വിധത്തിലുള്ള ഒരു ഭരണരീതി നമുക്കും ഉണ്ടായിക്കൂടാ? ഒരു സ്ഥലം സഭയിൽ ഒരു പ്രശ്നം ഉണ്ടായാൽ അതു തീർക്കാൻ ഒരു അധികാരസമിതി ഉണ്ടായിരുന്നെങ്കിൽ വർഷങ്ങളായി നിലനില്ക്കുന്ന പല പ്രശ്നങ്ങളും ഭിന്നതകളും പരിഹരിക്കപ്പെടുമായിരുന്നില്ലേ? സ്ഥലം സഭകളുടെ സ്വാതന്ത്ര്യം എന്ന പേരിൽ ചില സഭകൾ ഒറ്റപ്പെട്ടു നിന്ന് തങ്ങൾക്കിഷ്ടമുള്ള സുവിശേഷകന്മാരെ ക്ഷണിച്ചും ഇഷ്ടമില്ലാത്തവരെ ക്ഷണിക്കാതെയും അവരുടേതായ യോഗങ്ങളും പ്രവർത്തനങ്ങളും നടത്തുന്നതു 'പൊതുസഭാ' ശരീരത്തിനു മുറിവേല്പിക്കുന്നതല്ലേ? ഗവൺമെന്റിനോടും തുല്യപ്രാധാന്യമുള്ള ചില സ്ഥാപനങ്ങളോടും ബന്ധം പുലർത്തേണ്ടി വരുമ്പോൾ സഭകളുടെ പ്രാതിനിധ്യം വഹിക്കാൻ നിയമാനുസരണം അവകാശമുള്ള ഒരു 'കമ്മറ്റിയോ' അതിനൊരു പ്രസിഡന്റോ കൺവീനറോ ഒക്കെ ഉണ്ടായിരുന്നാൽ അത് പ്രയോജനകരമല്ലേ? ഒരു പ്രാദേശിക സഭ തെറ്റായ പാതയിൽ കൂടെ ചരിക്കുന്നെന്നു കണ്ടാൽ അതിനെ ഒന്നു നിയന്ത്രിക്കാൻ ആരുവേണ്ടേ? സ്ഥലം സഭകളുടെസ്വാതന്ത്ര്യം ദുരുപയോഗിക്കപ്പെടുമ്പോൾ ആവശ്യമെന്നു കണ്ടാൽ അധികാരം ഉപയോഗിക്കാൻ അവകാശമുള്ള ഒരു കേന്ദ്രം ഉള്ളതു നല്ലതല്ലേ?

ഈ ചോദ്യങ്ങളെല്ലാം യുക്തിയുക്തവും അതിനുള്ള മറുപടികേന്ദ്രവും ഭരണവുമൊക്കെ നല്ലതാണെന്നുമാണ്. എന്നാൽ ഇവിടെ പ്രസക്തങ്ങളായ വേറെ ചില ചോദ്യങ്ങളുണ്ട്. സഭ എന്നാൽ എന്ത്? അത് ഒരു ലൗകിക സംഘടനയാണോ? സഭ ആരുടേത്? സഭാ നാഥൻ സഭയ്ക്ക വല്ല വ്യവസ്ഥിതിയും, ഭരണവും ഏർപ്പെടുത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ മറ്റൊരു ഭരണവ്യവസ്ഥ രൂപീകരിക്കുവാൻ ആർക്കെങ്കിലും അവകാശമുണ്ടോ? ഈ ചോദ്യങ്ങൾക്ക് നാം ഉത്തരം കണ്ടെത്താൻ ശ്രമിക്കുമ്പോൾ പുതിയ നിയമത്തിലേക്കു നമ്മുടെ ശ്രദ്ധ തിരിക്കേണ്ടിയിരിക്കുന്നു.

പുതിയ നിയമത്തിൽ പല പ്രാദേശിക സഭകൾ ചേർന്ന് ഒരു കേന്ദ്രമോ കേന്ദ്രസമിതിയോ സെക്രട്ടറിയോ കൺവീനറോ ഒന്നും കാണുന്നില്ല. ആസ്യയിലെ ഏഴു സഭകൾക്ക് എഫെസോസ് സെന്റർ ആയിരുന്നില്ല. അവ ഏഴ് സ്വതന്ത്രസഭകളായിരുന്നു അതുപോലെ ഗലാത്യസഭകളും ഉപദേശത്തിലും നടപടിക്രമങ്ങളിലും അവ യോജിപ്പുള്ളവയായിരുന്നു. എന്നാൽ ആ യോജിപ്പ് ഒരു സെന്ററിന്റെയോ ഭരണകമ്മറ്റിയുടെയോ ഒരു തലവന്റെയോ നേതൃത്വത്തിലുള്ളതല്ലായിരുന്നു. എല്ലാ സഭകൾക്കും തല ക്രിസ്തു മാത്രമായിരുന്നു. അവിടത്തെ കർത്തൃത്വത്തിന്റെ കീഴിൽ എല്ലാവരും അന്യോന്യം കൂട്ടായ്മ പാലിച്ചും സഹകരിച്ചും ജീവിച്ചു. ഒറ്റപ്പെടുകയോ ഒറ്റപ്പെടുത്തുകയോ ചെയ്യുന്ന പ്രവണത ഉണ്ടായിരുന്നില്ല. അതു ക്രിസ്തീയ സ്നേഹത്തിലുള്ള ഐക്യമായിരുന്നു. സ്ഥലസഭകൾ സ്വതന്ത്രവും അപ്പോൾ തന്നെ കർത്താവിൽ അന്യോന്യം ബന്ധപ്പെട്ടവയും ആയിരുന്നു. സഭയെ ഒരു ലൗകിക സംഘടനയായി വളർത്തിയെടുക്കാൻ കർത്താവ് ഉദ്ദേശിച്ചില്ല. അതുകൊണ്ട് ലൗകികസംഘടനകളുടെ വളർച്ചക്കാവശ്യമായ വിധത്തിലുള്ള കേന്ദ്രഭരണരീതിയൊന്നും സഭയ്ക്ക് കർത്താവ് അനുവദിച്ചിട്ടുമില്ല. ദൈവസഭയെപ്പറ്റിയുള്ള ഈ സത്യത്തിന്റെ ദർശനം ലഭിച്ച് എല്ലാ കേന്ദ്രസംഘടനാ ബന്ധങ്ങളിൽ നിന്നും മാനുഷിക അധികാരത്തിൽ നിന്നും വേർപെട്ട് പുതിയ നിയമോപദേശത്തെ അതുപോലെ പിന്തുടരുന്നവരുടെ കൂട്ടമാണ് ലോകത്തിൽ ബ്രദറൺ എന്നറിയപ്പെടുന്നത്.

അവർക്ക് കേന്ദ്രസംവിധാനം യാതൊരു വിധത്തിലും സ്വീകാര്യമല്ല. ഇന്ന് അങ്ങനെയുള്ള ഒരു സെന്റർ വേണമെന്നുള്ളവർ തങ്ങൾ ബ്രദറൺ ആണെന്ന് പറയാതിരിക്കയും കൂടെ വേണം. കാരണം ലോകത്തിലെങ്ങും ബ്രദറൺകാർക്ക് സെന്ററും കേന്ദ്രവും ഇല്ല.

(തുടരും)

മുഖം

## കേയോസിനെ കോസ്മോസാക്കുക

പ്രപഞ്ചോൽപത്തിക്കു മുമ്പ് അവ്യവസ്ഥിതവും കുഴഞ്ഞുമറിഞ്ഞതുമായ ഒരു സ്ഥിതിവിശേഷണമാണുണ്ടായിരുന്നതെന്നു ശാസ്ത്രജ്ഞന്മാർ കരുതുന്നു. ഈ അവസ്ഥയ്ക്കു 'കേയോസ്' (Chaos) എന്നു പറയുന്നു. കുഴഞ്ഞുമറിഞ്ഞു താറുമാറായ മനസ്സും 'കേയോസ് ആണ്. ടെന്നിസൺ പ്രഭു (ബ്രിട്ടീഷ് കവി 1809–1892) ഒരു ചെറിയ അളവിൽ 'കേയോസ്' പേറിക്കൊണ്ടു നടന്ന ആളായിരുന്നു. എങ്കിലും കേയോസിനെ അദ്ദേഹം 'കോസ്മോസ്' (Cosmos) മാറ്റിയിരുന്നു എന്നു കാർലൈൻ പറഞ്ഞിട്ടുണ്ട്. കോസ്മേസ് എന്നാൽ എന്താണ് എന്നല്ലേ? ക്രമവിധേയവും അടിസ്ഥാനതത്ത്വങ്ങളിൽ അധിഷ്ഠിതവുമായ പ്രപഞ്ചം എന്നാണ് ആ പദത്തിന്റെ സാരം. കേയോസിനു നേരെ വിപരീതമായ അർത്ഥമാണ് കോസ്മോസ് സൂചിപ്പിക്കുന്നത്. ദൈവവിശ്വാസം കേയോസിനെ കോസ്മോസാക്കി രൂപാന്തരപ്പെടുത്തുന്നു.

കഷ്ടതയും വേദനയും രോഗപീഡയും മോഹഭംഗവും നൈരാശ്യവും വേർപാടിന്റെ ദുഃഖവും ദുരന്തങ്ങളുമെല്ലാം നമ്മുടെ മനസ്സിനെ താറുമാറാക്കുകയും കുഴച്ചുമറിക്കുകയും ചെയ്തേക്കാം. എന്നാൽ ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ എന്താണു ചെയ്യേണ്ടതെന്നു ദൈവം തന്റെ ഭക്തന്മാർക്കു കാണിച്ചു കൊടുക്കുന്നു. ക്രമനിബദ്ധമല്ലാത്ത ജീവിതത്തെ ദൈവം അടുക്കും ചിട്ടയുമുള്ളതാക്കിത്തീർക്കുന്നു.

ഒരിക്കൽ ഒരു പർവ്വതാരോഹകൻ വഴികാട്ടിയോടുകൂടി പിരണീസ് പർവതം കീഴടക്കാൻ പുറപ്പെട്ടു. പർവതാരോഹണത്തിൽ വേണ്ടത്ര പരിചയം അദ്ദേഹത്തിനുണ്ടായിരുന്നില്ല. വഴികാട്ടിയുടെ നിർദ്ദേശമനുസരിച്ചു പർവതത്തിന്റെ ഉച്ചിയിലെത്തിയെങ്കിലും അന്നു തിരിച്ചുപോകാൻ സാധിച്ചില്ല. അവർ രാത്രി അവിടെ കഴിച്ചുകൂട്ടി. നേരം വെളുക്കാറായപ്പോൾ ഒരു കൊടുങ്കാറ്റ് ചീറിയടിക്കാൻ തുടങ്ങി. പാറകൾ ഇളകിയുരുണ്ടു താഴേക്കു പോകുന്നത് അവർ കണ്ടു. മരത്തലപ്പുകൾ പിരിച്ചൊടിച്ചുകൊണ്ടു കാറ്റു ചുറ്റിയടിച്ചു. ഇതു കണ്ടു നമ്മുടെ പർവതാരോഹകൻ വല്ലാതെ പരിഭ്രമിച്ചു. "സർ, പേടിക്കേണ്ടാ ഈ കാറ്റ് ഉടനെ ശമിക്കും. അപ്പോൾ പ്രഭാതം പൊട്ടി വിടരും" വഴികാട്ടി.

നമ്മുടെ ജീവിതാന്ത്യത്തിൽ പ്രഭാതം പൊട്ടിവിടരുന്നതിനു മുമ്പുള്ള കൊടുങ്കാറ്റു നമ്മെ പരിഭ്രാന്തരാക്കിയേക്കാം. പ്രഭാതസൂര്യന്റെ പുഞ്ചിരി കാണണമെങ്കിൽ ചിലപ്പോൾ കൊടുങ്കാറ്റുകളെ നേരിടേണ്ടിവരും. ജീവിതയാത്ര പൂർത്തിയാക്കി നിമിഷങ്ങൾ എണ്ണി നീക്കുന്ന വിശ്വാസികളേ! നിങ്ങൾ അസ്വസ്ഥചിത്തരാകുന്നത് എന്തിന്? കൊടുങ്കാറ്റോ പേമാരിയോ ഉണ്ടായേക്കാം. പകലോന്റെ പുറപ്പാടായി എന്നത്രേ അതു വിളിച്ചിരിക്കുന്നത്. എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു എന്നു പറയുന്നതു നിങ്ങൾ കേൾക്കുന്നില്ലേ. പിന്നെ എന്തിനു പരിഭ്രമിക്കുന്നു.?

– തോമസ് ചാണ്ടി

## മാത്തൂച്ചായൻ



"ബാവാമാർ സത്യാഗ്രഹം ചെയ്യാമോ? കർത്താവ് കല്പിച്ചിട്ടുണ്ടോ?"
"ഇല്ല! ഗാന്ധിജി മാതൃക കാട്ടിയിട്ടുണ്ട്"
"അപ്പോൾ, കർത്താവോ? ഗാന്ധിയോ?"

*എഡിറ്റോറിയൽ....*

## മാധ്യമങ്ങൾ ജനങ്ങളാണ്, സമൂഹമാണ്!

**ആ**ശയവിനിമയം എന്നതിന്റെ അർത്ഥം ജനസമക്ഷം എത്തിച്ചേരുക എന്നതാകയാലും ജനങ്ങൾ ചേർന്ന് സമൂഹം രൂപം കൊള്ളുന്നതിനാലും സമൂഹത്തിൽ അന്തർലീനമായ ഒരു ഘടകമാണ് മാധ്യമങ്ങൾ. ജനങ്ങൾ പരസ്പരം ആശയവിനിമയം നടത്തുവാൻ ആഗ്രഹിക്കുന്ന കാലമത്രയും ഈ സ്ഥിതി വിശേഷത്തിന് മാറ്റമുണ്ടാവുകയില്ല.

ചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളിൽ സാമൂഹിക മൂല്യങ്ങൾ രൂപപ്പെടുന്നതിൽ സമകാല സമൂഹത്തെ സ്വാധീനിക്കുന്നതിന് മാധ്യമങ്ങൾസമൂഹത്തെ രൂപപ്പെടുന്നുണ്ട്. പത്രങ്ങൾക്ക് ഒരു വലിയ അവകാശം പരിഷ്കൃത രാജ്യങ്ങളിൽ നല്കിയിട്ടുണ്ട്. അതാണ് ആശയപ്രകടന സ്വാതന്ത്ര്യം. അമേരിക്കയുടെയും ഇൻഡ്യയുടെയും ഭരണഘടനകളിൽ ഈ അവകാശം ഉറപ്പിച്ചിട്ടുണ്ട്. ആശയവിഷ്കരണ സ്വാതന്ത്ര്യം എന്നു വച്ചാൽ സത്യം പറയുന്നതിനുള്ള അവകാശമാണല്ലോ? എന്തിനാണ് സത്യം പറയുന്നത്? ജനങ്ങൾക്കു വേണ്ടിയാണ്. അവരുടേതാണ് രാജ്യം. അതുകൊണ്ട് ഭരണകൂടവും വിദ്യാഭ്യാസവും പത്രപ്രവർത്തനവുമെല്ലാം അവർക്കു വേണ്ടിയാണ്.

മുന്തിരിതോട്ടത്തിൽ പുലർച്ചയ്ക്കു വന്ന മുൻപന്മാർ പിൻപന്മാരുടെ നേരെയും, വീട്ടുടയവന്റെ നേരെയയുംപിറുപിറുത്തു'! (മത്തായി 20.11). പുലർച്ചയ്ക്കും മൂന്നാം മണിക്കും, ആറാം മണിക്കും ഒമ്പതാം മണിക്കും പതിനൊന്നാം മണിക്കും മുന്തിരിത്തോട്ടത്തിൽ 'വീട്ടുടയൻ തന്നെയാണ്' വേലക്കാരെ വിളിച്ച് നിയമിച്ചത്. ഈ ഉടയവന്റെ മുന്തിരിത്തോട്ടത്തിൽ 'വേലക്കാരനെ വിളിക്കുന്ന വേലക്കാരി'ല്ല! 'പാസ്റ്ററും, സെന്റർ പാസ്റ്ററും, റവറന്റും, അപ്പോസ്തോലനും, അച്ചനും, മെത്രാനും കർട്ടിനാളും, കാതോലിക്കായും പാത്രിയാർക്കീസും പോപ്പുംഇല്ലാത്ത സ്വതന്ത്രസ്ഥലം സഭകളിലേക്കു ഞങ്ങൾ വന്നത്. കേരളത്തിലെ 30 മാധ്യമങ്ങൾ ഭൂരിപക്ഷം ഒന്നാം തലമുറക്കാരാണ്. നിങ്ങളുടെ വിശേഷം കൊണ്ടു വന്നതല്ല. ഉടയവന്റെ മഹത്വം കണ്ടാണ് ഞങ്ങൾ വന്നത്. "ഇന്ത്യൻ ബ്രദറൺ ശിശു" സ്വതന്ത്ര മാധ്യമങ്ങളായ ജ്യേഷ്ഠന്മാരെ പിറന്നു വീണതോടെ പരിഹസിക്കുകയും ഉപദ്രവിക്കുകയുമാണ്. നമ്മുടെ പിതാക്കളായ മൂപ്പന്മാർ തിരുവചന വിദഗ്ദ്ധരായിരുന്നു. ചില നവീന മൂപ്പന്മാർ 'ഭ്രൂണഹത്യ' തുടങ്ങിയ വിഷയങ്ങളിലാണ് പാണ്ഡ്യത്യം! കഷ്ടം! കഷ്ടം! 'ഒന്നാമൻ' പത്രോസ് കപടം കാണിച്ചപ്പോൾ 'അകാല പ്രജ' പോലെയുള്ള പൗലോസ് എല്ലാവരും കേൾക്കെ ശാസിച്ചു. (ഗലാ. 2.11-21) എളിയവനായ ഞാൻ മണർകാട് പള്ളിക്കാരനായിരുന്നു. 1970 ജൂൺ 30ന് ഉടയവൻ വിളിച്ചു വേർപെടുത്തി. 40 വർഷം കർത്തൃ വേല ചെയ്തു. ഇപ്പോൾ ഒരു സ്വതന്ത്ര സ്ഥലം സഭയിൽ ശുശ്രൂഷ ചെയ്യുന്നു.

ബ്രദറൺ സ്ഥാനീയ സഭകളെയെല്ലാം പേരുമാറ്റി 26 'സെന്റർ' രൂപീകരിച്ച് 'ബിസിസിസിസി' തല്ലിക്കൂട്ടിയപ്പോൾ വിശ്വാസികളുടെ കൂട്ടങ്ങളും, മാധ്യമങ്ങളും പ്രതികരിച്ചപ്പോൾ പേരുമാറ്റി 'ബിസിസി എഫ്' എന്നു മാറ്റിക്കൊണ്ട് മാധ്യമങ്ങളെ നേരിടുവാൻ 'ഇൻഡ്യൻ ബ്രദറൺ' ഭൂജാതനായി. സ്ഥലം സഭകളേയും മാധ്യമങ്ങളെയും പൊതു സമൂഹത്തിൽ അപഹാസ്യമാക്കുക എന്നതാണ് ഈ മാസികാ ശിശുവിന്റെ അവതാരനയം! ഞങ്ങൾ സ്വർഗ്ഗപിതാവിനോടും, സ്വതന്ത്രസ്ഥലം സഭകളോടും, ബ്രദറൺ ഉപദേശസംഹിതയോടും വിശ്വസ്തതയോടെ ത്രയേക ദൈവം നൽകിയ 'സ്വാതന്ത്ര്യദീപം' (യോഹ: 8.31,32) (ഗലാത്യർ 5.1) അണയാതെ ജ്വലിപ്പിക്കുവാൻ പ്രതിജ്ഞാബദ്ധരാണ്. സ്ഥലം സഭകളുടെ കാവൽക്കാരനായ മൂപ്പന്മാരും ഞങ്ങളുടെ സഹജീവികളായ മാധ്യമങ്ങളും തിരുവചനവിരുദ്ധതകളെ നിഷ്ക്കാസനം ചെയ്യുവാൻ അണിചേരാം. "ഉത്തിഷ്ഠത, ജാഗ്രത പ്രാപ്യവരാന്നിബോധത"! പിതൃസന്നിധിയിലും ഭൂമിയിലും നമുക്കു വേണ്ടി തന്നിട്ടുള്ള രണ്ട് കാര്യസ്ഥന്മാരിൽ നിന്നു പഠിക്കുക, ശരണപ്പെടുക!

**വേദനയുടെ മാഹാത്മ്യം**

# തത്തമ്മേ... പൂച്ച...പൂച്ച!



ആനി വിൽസൺ, ന്യൂ ജേഴ്സി

**1976-ൽ** ഞാനൊരു തത്തയെ വളർത്തി. ആ പക്ഷിയെക്കൊണ്ട് മലയാളം പറയിക്കണം എന്നുള്ളതായിരുന്നു എന്റെ ആഗ്രഹം. അതിനുവേണ്ടിയുള്ള എല്ലാ ശ്രമങ്ങളും ഞാൻ ചെയ്തു കൊണ്ടിരുന്നു. ഞാൻ കൊടുക്കുന്ന ഓല ഓരോന്നായി ആ പക്ഷി അരിഞ്ഞു വീഴ്ത്തികൊണ്ടിരുന്നു. ക്രമേണ അതിന്റെ നാവിന്റെ കട്ടി കുറയുകയും, ഞാൻ പറഞ്ഞു കൊടുക്കുന്ന വാക്കുകൾ അവ്യക്തമായി ഉച്ചരിക്കുവാൻ തുടങ്ങുകയും ചെയ്തു. ഞാൻ ആദ്യമായി അതിനെ പഠിപ്പിച്ച വാക്കുകളാണ്, "തത്തമ്മേ... പൂച്ച...പൂച്ച" എന്ന്. അതിനുശേഷം എന്റെ അമ്മച്ചി പറഞ്ഞതനുസരിച്ച്, ഞാനതിനെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചു. ഞാനവളോടു പറഞ്ഞു. "തത്തമ്മേ, ഒരു പൂച്ച വരുന്നതു കണ്ടാൽ നീ ഇവ്വണ്ണം പ്രാർത്ഥിക്കണം. ''ഈശോ, അമ്മെ, രക്ഷിക്കണെ'' എന്ന്. അത്ര വ്യക്തമായിട്ടല്ലെങ്കിലും ആ പക്ഷി, നല്ലതുപോലെ പ്രാർത്ഥിക്കുവാൻ പഠിച്ചു. ഒരു കത്തോലിക്കാ ഭവനത്തിൽ ജനിച്ചു വളർത്തപ്പെടുകയും, അതോടൊപ്പം പുണ്യകർമ്മങ്ങളിലും സുകൃതജപങ്ങളിലും നല്ല അഭ്യസനം ലഭിക്കുകയും ചെയ്ത എനിക്ക്, ഒരു തത്തയെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുന്നത് വളരെ ഭക്തിപരമായി തോന്നി. എന്നാൽ, ആ തത്തയുടെ അന്ത്യം വളരെ ശോചനീയമായിരുന്നു. ഒരു ദിവസം പതിവുപോലെ അല്പ നേരത്തേക്ക് അതിനെ മുറിക്കുള്ളിൽ തുറന്നുവിടുകയും എവിടെ നിന്നോ, ഒരു പൂച്ച പാഞ്ഞുകയറി വന്ന് അതിനെ പിടിച്ചു തിന്നുകയും ചെയ്തു.

മേൽപറഞ്ഞ സംഭവം പലപ്പോഴും എന്റെ സ്മൃതി പഥത്തിൽക്കൂടി കടന്നു പോകാറുണ്ട്. കാരണം മറ്റൊന്നുമല്ല, എന്റെ പ്രാർത്ഥനാജീവിതത്തിൽ വന്ന വ്യത്യാസമാണ്. അതായത്, ഞാനൊരു കത്തോലിക്കാ സഭാംഗമായിരുന്ന കാലത്ത്, ഒരു വിധത്തിൽ പറഞ്ഞാൽ, ഈ തത്തമ്മയെപോലെ തന്നെ പ്രാർത്ഥിച്ചിരുന്നു. ഞാൻ സംസാരിക്കാനാരംഭിച്ച നാൾ മുതൽ തന്നെ, എന്റെ മാതാപിതാക്കൾ എന്നെ നെറ്റിയിലും ചിറിയിലുമൊക്കെ കുരിശു വരയ്ക്കാനും, ചില കൊച്ചു കൊച്ചു സുകൃതജപങ്ങൾ ഉരുവിടാനും അഭ്യസിപ്പിച്ചു. ഞാൻ വളർന്നു വരുന്തോറും പ്രാർത്ഥനയുടെ സംഖ്യയും കൂടിക്കൂടി വന്നു. "സ്വർഗ്ഗസ്ഥനായ പിതാവേ..." "നന്മ നിറഞ്ഞ മറിയമേ..." എന്നൊക്കെ ആരംഭിക്കുന്ന പ്രാർത്ഥനകൾ കാണാപാഠം ഉരുവിടുവാനും അതോടൊപ്പം തന്നെ "കൊന്ത" ചൊല്ലാനും ഞാൻ നല്ല പ്രാവീണ്യം പ്രാപിച്ചു. ഒരു മഠം വക സ്കൂളിൽ വിദ്യാഭ്യാസം ലഭിച്ച എനിക്ക്, പലപ്പോഴും പ്രാർത്ഥനാമത്സരങ്ങളിൽ പങ്കെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 1967-ൽ ഏറ്റവും അധികം 'സുകൃതജപങ്ങൾ' ചൊല്ലി ഞങ്ങളുടെ സ്കൂളിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കിയ വിദ്യാർത്ഥിനി ഞാനായിരുന്നു. ആ നാളുകളിൽ, ഞാനൊരു കൊച്ചു പുണ്യവതിയാണെന്ന് എനിക്കു തോന്നിയിരുന്നു.

1980 ൽ ഞാനെന്റെ പാപങ്ങളെ ഏറ്റുപറഞ്ഞ്, മാനസാന്തരപ്പെടുകയും, യേശുക്രിസ്തുവിനെ എന്റെ സ്വന്തരക്ഷിതാവും കർത്താവുമായി അംഗീകരിക്കുകയും ചെയ്തശേഷം, അതായത് ഞാൻ കർത്താവിന്റെ കല്പനപ്രകാരം "വെള്ളത്താലും ആത്മാവിനാലും വീണ്ടും ജനനം" (യോഹ. 3:5), പ്രാപിച്ചശേഷം, ഒന്നുകൂടി വ്യക്തമായിപറഞ്ഞാൽ, ഞാനൊരു ദൈവപൈതലായ നിമിഷം മുതൽ ഞാനെന്റെ പിതാവായ ദൈവത്തോട് എങ്ങനെ പ്രാർത്ഥിക്കണം എന്ന് ആരും എന്നെ പഠിപ്പിക്കേണ്ടി വന്നിട്ടില്ല. അതിനൊരുദാഹരണം പറയട്ടെ. ഞാൻ വിശ്വാസത്തിൽ വന്നയുടനെ തന്നെ എന്നെ ജോലിയിൽ നിന്നു പിരിച്ചുവിട്ടു. അധികം താമസിയാതെ എന്റെ ഭർത്താവ് ജോലി ചെയ്തിരുന്ന കമ്പനിയും അടച്ചു പൂട്ടി. ആ സാഹചര്യത്തിൽ വെറും 7 മാസം പ്രായമുള്ള ഞങ്ങളുടെ കുഞ്ഞ് രോഗിയായി ത്തീർന്നു. രാത്രി പന്ത്രണ്ടു മണി സമയം, കുഞ്ഞിന് 105 ഡിഗ്രി പനി. കുഞ്ഞിനെ ഡോക്ടറുടെ അടുത്തു കൊണ്ടുപോകുവാൻ പണമില്ല, വാഹനവുമില്ല. ഈ അസഹനീയ സാഹചര്യത്തിൽ ഞങ്ങൾക്ക് ഒന്നേ ചെയ്യുവാനുണ്ടായിരുന്നുള്ളൂ. ഞങ്ങൾ രണ്ടു പേരും കുഞ്ഞിന്റെ മേൽ കൈവച്ച് ഇവ്വണ്ണം പ്രാർത്ഥിച്ചു. ''കരുണാ സമ്പന്നനായ സ്വർഗ്ഗസ്ഥ പിതാവേ, ഞങ്ങളുടെ കുഞ്ഞിന്റെ മേൽ അവിടുത്തെ കരുണയുണ്ടാകേണമേ. അവളുടെ രോഗത്തിൽ നിന്ന് അവളെ വിടുവിക്കേണമേ...... എല്ലാം അടിയങ്ങൾക്കായി ജീവൻ വച്ച യേശുക്രിസ്തുവിന്റെ വിലയേറിയ നാമത്തിൽ അപേക്ഷിക്കുന്നു.'' കണ്ണുനീർ കവിഞ്ഞൊഴുകിയ ഹൃദയരോദനം ദൈവം ചെവിക്കൊണ്ടു. തൽക്ഷണം ഞങ്ങൾക്കുത്തരം ലഭിച്ചു. പ്രാർത്ഥിച്ചു കഴിഞ്ഞ് ആമേൻ പറയുമ്പോൾ തന്നെ കുഞ്ഞിന്റെ ശരീരത്തുനിന്ന് പനി പൂർണ്ണമായി വിട്ടുമാറി. എന്റെ വിശ്വാസജീവിതത്തിൽ ജീവനുള്ള ദൈവത്തെ രുചിച്ചറിഞ്ഞ ആദ്യാനുഭവമായിരുന്നു. പ്രിയ വായനക്കാരെ, ഇതിനല്ലെ നമ്മൾ പ്രാർത്ഥന എന്നു വിശേഷിപ്പിക്കുന്നത്, അല്ലാതെ മനഃപ്പാഠമാക്കിയ ജൽപ്പനങ്ങളാണോ?


''നിങ്ങൾ ജാതികളെപ്പോലെ ജല്പനം ചെയ്യരുത്.'' (മത്തായി 6:7), എന്നാണ് നമ്മെ ഉൽബോധിപ്പിക്കുന്നത്. 'ഇനി, സ്വർഗ്ഗസ്ഥനായ പിതാവെ' എന്നു അഭിസംബോധന ചെയ്യണമെങ്കിൽ ആദ്യം മക്കളാകണം. അതിനുള്ള ഉപാധി എന്താണെന്നു ദൈവവചനം വളരെ വ്യക്തമായി അനുശാസിക്കുന്നുണ്ട്. "അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു." (യോഹ. 1:12). മരിച്ചു നാറ്റം വച്ച ലാസറിനെ ഉയിർപ്പിക്കേണ്ടതിന് കല്ലറയ്ക്കൽ നില്ക്കുമ്പോൾ ദൈവപുത്രനായ ക്രിസ്തു ഇവ്വണ്ണമാണ് പ്രാർത്ഥിച്ചത്. ''പിതാവേ നീ എന്റെ അപേക്ഷ കേട്ടതിനാൽ ഞാൻ നിന്നെ വാഴ്ത്തുന്നു. അങ്ങനെ "നാം മക്കൾ എങ്കിലോ അവകാശികളും ആകുന്നു; ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിനു കൂട്ടവകാശികളും തന്നേ" (റോമർ. 8:17)

''മനുഷ്യപുത്രന്മാരെ തിരികെ വരുവിൻ എന്നും അരുളിചെയ്യുന്ന'' (സങ്കീ. 90:4) സൃഷ്ടാവായ ദൈവത്തിന്റെ വിളിയെ പ്രതീക്ഷിച്ച് വിശ്രമിക്കുന്ന, അല്ലെങ്കിൽ നിദ്ര കൊള്ളുന്ന ഈ വിശുദ്ധർക്ക് മനുഷ്യരുടെ പ്രാർത്ഥനകൾക്ക് ദൈവത്തിന്റെ പക്കൽ നിന്ന് ഉത്തരം വാങ്ങിത്തരുവാൻ കഴിയുമെന്നുള്ള അന്ധമായ വിശ്വാസത്തിൽ ചില മതവിഭാഗക്കാർ എത്രയെത്ര വിലപിടിച്ചുള്ള നേർച്ചകളും, തിരുമുൽക്കാഴ്ച്ചകളും (കൈക്കൂലി) ആയിട്ടാണ് ഇവരെ സമീപിക്കുന്നത്. കൂടാതെ ഈ വിശുദ്ധന്മാരുടെ വിഗ്രഹങ്ങൾക്കുമുമ്പിൽ മെഴുകുതിരി കത്തിക്കുക, വീണുവണങ്ങുക ഇത്യാദി പ്രക്രിയകളും ഇക്കൂട്ടർ കാട്ടിക്കൂട്ടാറുണ്ട്.

(തുടരും)

# എന്റെ മഹത്വം കാണുക നീ!

**അ**വർ വന്ന് എന്റെ മഹത്വം കാണും. ഞാൻ അവരുടെ ഇടയിൽ ഒരു അടയാളം പ്രവർത്തിക്കും.... അവർ എന്റെ മഹത്വത്തെ ജാതികളുടെ ഇടയിൽ പ്രസ്താവിക്കും (യശയ്യാവ് . 66.19)



പുതുപ്പള്ളി തോണ്ടുകണ്ടത്തിൽ വീട്ടിൽ സൂസൻടീച്ചർ വൈദ്യശാസ്ത്രം ഇനിയും ഉറപ്പു പറയാത്തൊരു രോഗത്തെ അതിജീവിച്ചെത്തിയ കഥ മലയാളമനോരമ 2011 ഓഗസ്റ്റ് 12 വെള്ളിയാഴ്ച 'പെൺമ' എന്ന പംക്തിയിൽ "ദൈവത്തിനൊപ്പം മൂന്നു വർഷം" എന്ന തലക്കെട്ടിൽ എ. എസ്. ഉല്ലാസ് എഴുതിയ ലേഖനം മനോരമയുടെ ലക്ഷക്കണക്ക് വായനക്കാർ ലോകമാസകലമായി വായിച്ചു. ദൈവനാമം മഹത്വപ്പെട്ടു. കോട്ടയം സി. എം. എസ്. കോളേജിൽ നിന്ന് കണക്കിൽ ബിരുദവും പിന്നെ ബിഎയും പാസ്സായി നേരെ ജോലിക്കു കയറി. 1984 ൽ മലപ്പുറം ജില്ലയിൽ പി. എസ്. സി. വഴി കിട്ടിയ ആദ്യ പോസ്റ്റിംങ് ഇടക്കരയിലെ ഗവ. ഹൈസ്ക്കൂളിൽ. റാന്നി കണ്ടൻപേരൂരിൽ കപ്പമാമ്മൂട്ടിൽ ജേക്കബ് മാത്യുവും സൂസനും എടക്കരയിൽ വീട്വച്ച് താമസവുമായി.

2008 മാർച്ചിൽ വണ്ടൂരിൽ നടന്ന ക്ലസ്റ്റർ യോഗത്തിന് ട്രയിനിൽ കയറിയപ്പോൾ ട്രയിനിൽ കുഴഞ്ഞുവീണു. അപ്പോൾ തന്നെ ആശുപത്രിയിലെത്തിച്ചു. സൂസമ്മയെ വീട്ടിലെത്തിച്ചു. സൂസമ്മയുടെ ഓർമകൾ ചിതലരിച്ചുതുടങ്ങിയത് അവിടെ മുതലാണെന്ന് ഭർത്താവ് സുവിശേഷകൻ ജേക്കബ് മാത്യു പറയുന്നു. അനന്തതയിലേക്ക് നോക്കി ഇരിക്കുന്ന ശീലം. അൽപ്പമെങ്കിലും തിരിച്ചറിഞ്ഞിരുന്നത് ജേക്കബ് മാത്യുവിനെ മാത്രം. ബിടെക് പഠിക്കുകയായിരുന്ന മകൻ ജസ്റ്റിനും രണ്ടാമത്തെ മകൻ ജെറിനും ഇളയ മകൾ ജൂലിയുമൊക്കെ അമ്മയുടെ കൈപിടിച്ച് കരഞ്ഞിട്ടും തിരിച്ചറിഞ്ഞില്ല.ചിത്രത്തിലുണ്ടായിരുന്ന ഭർത്താവും മറഞ്ഞു!

തിരുവനന്തപുരം ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിലായിരുന്നു ചികിത്സ. തലച്ചോറിലെ കോശങ്ങൾ നശിക്കുന്ന ഫ്രണ്ടോടെമ്പറൽഡിമെൻഷ്യ ആണ് രോഗമെന്നായിരുന്നു കണ്ടെത്തൽ. തിരിച്ചു വരിക അസാദ്ധ്യം. ചികിത്സ മതിയാക്കി വീട്ടിലേക്ക് തിരിച്ചു മരുന്നുകൾ പലതു പരീക്ഷിച്ചു.

ബാങ്കിലെ ജോലി രാജി വച്ച് സുവിശേഷവേലയ്ക്കു വേർതിരിഞ്ഞ ജേക്കബ് മാത്യു തന്റെ വിശ്വാസത്തിൽ ഉറച്ചു നിന്നു. "സ്വർഗ്ഗീയ ദൈവം തന്റെ മഹത്വം ജനതയെ എന്തെല്ലാം ചെയ്യുന്നു അതുപോലെയാണ് എന്റെ ഭാര്യയുടെ രോഗവും" ജേക്കബ് മാത്യു ചിലപ്പോൾ ബൈബിൾ ഉറക്കെ വായിക്കും പക്ഷേ തൊട്ടു മുൻപ് വായിച്ചതു ഓർമ്മയിൽ കാണില്ല. മെല്ലെ സൂസമ്മ എല്ലാവരിൽ നിന്നും അകന്നകന്ന് പോയി!


ഏതു തിരോധാനത്തിനും ഒരു കാരണം ഉണ്ടായേ തീരൂ... ഭാര്യയുടെ ഓർമയുടെ തിരോധാനത്തിനു കാരണം തേടി ജേക്കബ് മാത്യു ടീച്ചറെയും കൂട്ടി വെല്ലൂർ സി. എം. സിയിലേക്കു പോയി. അവിടെ സീനിയർ പ്രൊഫസർ ദീപ രാമസ്വാമി ടീച്ചർക്ക് മരുന്നല്ല കൊടുത്തത്. കളിക്കാൻ ചെസ് കൊടുത്തു ഫുട്ബോളും വോളിബോളും പഠിപ്പിച്ചു പിന്നെ മെല്ലെ ചികിത്സയും മരുന്നും.... ഒന്നരമാസത്തിലെ ചികിത്സക്കൊടുവിലാണ് സൂസമ്മ ടീച്ചർ രണ്ടാം ജന്മത്തിലേക്ക് കടന്നത്.

ടീച്ചർ തന്റെ വിദ്യാലയത്തിൽ തന്റെ സഹപ്രവർത്തകരേയും തന്റെ വിദ്യാർത്ഥികളേയും തിരിച്ചറിഞ്ഞു. ബ്രദറൺ സഭയിൽ ആരാധിച്ചു. ഇനി ഈ മിഷനറി കുടുംബം സ്വന്ത സാക്ഷ്യം പറയുന്നതോടെ നിയോഗം പൂർണ്ണതയാകും. ദൈവമഹത്വം തുടർന്ന് കോട്ടയത്ത് താമസിച്ച് സുവിശേഷവേല ചെയ്യുവാൻ ഒരുങ്ങുന്നു. ദൈവമഹത്വം ഈ കുടുംബത്തിലൂടെ അനേകർ അറിയുമാകട്ടെ!

K.C.M.

ചിന്താശകലം

# പോരാട്ടഭൂമിയിലെ നീതിബോധം



സി.റ്റി. ജോണിക്കുട്ടി

**പോ**രാട്ടങ്ങളുടെ ചരിത്രമാണ് ലോകത്തിന്റേത്. വിജയം ഉറപ്പിക്കുന്നതിനും സ്വന്തമാക്കുന്നതിനും വേണ്ടിയുള്ള കഠിനമായ അദ്ധ്വാനമാണത്. ദൈവത്തിന്റെ സ്വന്തം അവകാശമായിരുന്ന ഭൂമിയുടെ മേലുള്ള ആക്രമണങ്ങളിലും ആദിമമനുഷ്യനെ കീഴ്പ്പെടുത്താനുള്ള കപടനീക്കങ്ങളിലും ഈ വൻ യുദ്ധങ്ങളുടെ തിരിശ്ശീല ഉയർത്തുകയായിരുന്നു പിശാച്.

ഇന്നയോളം തുടരുന്ന എല്ലാ യുദ്ധങ്ങളുടെയും സമരങ്ങളുടെയും പിന്നിൽ ഒരാളേയുള്ളു. നന്മയുടെ എതിരാളി തന്നെ. ഓരോ യുദ്ധങ്ങൾക്കും പാലിക്കപ്പെടേണ്ട മര്യാദകൾ ഉണ്ടായിരുന്നു. ഒരു കാലത്ത് പകൽയുദ്ധങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. ഇരുൾ വ്യാപിച്ചാൽ യുദ്ധം അവസാനിപ്പിക്കണം. ഇസ്രയേലിന്റെ ചരിത്രത്തിൽ അവ നാം കാണുന്നുണ്ട്.

കാലം പിന്നിട്ടപ്പോൾ യുദ്ധങ്ങളുടെ തന്ത്രങ്ങളും മാറി. പോരാട്ടങ്ങളിലെ സത്യസന്ധത അന്യം നിന്നു. കപടനീക്കങ്ങളിലൂടെ ശത്രുവിനെ വീഴ്ത്തുകയാണ് ഇന്നിന്റെ സ്വഭാവം. ലഷ്കർ തോയിബ, മാവോയിസ്റ്റ്, നാഗാപോരാളികൾ, എൽ. റ്റി. റ്റി. തുടങ്ങിയ വിഭാഗങ്ങൾ ഒളിപ്പോരാളികളായി യുദ്ധം ചെയ്യുന്നവരാണ്.വിജയം നേടുകയും വേണം പരസ്യമായി രംഗത്ത് വരികയും വേണ്ട. ഇതൊരു കാട്ടുനീതിയായി മാത്രമേ കാണാനാവൂ. ഭീരുത്വത്തിന്റെ ലക്ഷണമാണിത്. പരിക്ക് ഏല്ക്കാതെയുള്ള വിജയം കൊയ്യൽ.

യുദ്ധഭൂമിയിലെ മാതൃകയും യേശുനാഥനാണ്. ബന്ധനസ്ഥനാക്കുവാൻ വാളും കുന്തവുമായി പുറത്തു കാത്തുനില്ക്കുന്ന പടയാളികളുടെ അരികിലേക്ക് ഗത്സമനയിലെ പ്രാർത്ഥനാശാലയിൽ നിന്നും അവിടുന്ന് ധൈര്യം നടന്നടുക്കുന്നു. ശിഷ്യന്മാരോ ഓടി അകലുന്നു. ഇടയനെ വെട്ടുന്ന രാവാണിത് എന്ന് അവിടുന്ന് അല്പം മുമ്പ് ശിഷ്യന്മാരോട് പങ്കുവയ്ക്കുകയും ചെയ്തിട്ടുണ്ട്. അവിടുത്തേക്ക് സംഭവിക്കാനിരിക്കുന്നത് മുഴുവനും അറിഞ്ഞുകൊണ്ടു തന്നെ അവരുടെ അരികിലേക്ക്.

ഒരു മഹൽദൗത്യം പൂർത്തിയാക്കുക എന്ന നിയോഗം യേശുനാഥനിൽ നിക്ഷിപ്തമായിരുന്നു. അതിനുവേണ്ടിയുള്ള മനുഷ്യാവതാരമായിരുന്നു അവിടുത്തേത്. ആത്മീകദൗത്യം ഏറ്റെടുക്കുന്നവരോ നിയോഗം പ്രാപിച്ചവരോ ഭീരുക്കളാകരുത്. ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല, ശക്തിയുടെയും സുബോധത്തിന്റെയും ആത്മാവിനെയാണ് ക്രിസ്താനുഗാമികളായ വിശ്വാസികൾ പ്രാപിച്ചിരിക്കുന്നത്.

പത്രോസിൽ പിഴവും വീഴ്ച്ചയും കണ്ടെത്തിയ പൗലോസ് ശാസനയുടെ രൂപത്തിൽ തിരുത്തലുകൾ നല്കുന്നു. ഇതേ പൗലോസ് ബർന്നബാസുമായി ഉഗ്രവാദം ഉണ്ടായതായി രേഖയുണ്ട്. അവയെല്ലാം ദൈവരാജ്യവ്യാപനത്തിനുവേണ്ടിയുള്ള നിസ്വാർത്ഥ പോരാട്ടങ്ങൾ ആയിരുന്നു. പൗലോസ് മാത്രം മിടുക്കനും ശേഷിച്ചവരെല്ലാം മണ്ടന്മാരും എന്ന് വിശ്വാസസമൂഹത്തെ തെറ്റിദ്ധരിപ്പിക്കുവാൻ വേണ്ടിയുള്ള കപടനീക്കങ്ങൾ ആയിരുന്നില്ല അവ.

സഹപ്രവർത്തകനും സഹവിശ്വാസിയും ശത്രുവാകുന്നതെങ്ങനെ? പ്രവർത്തനവേദികൾ ഒന്നെങ്കിലും ആർക്കെങ്കിലും എതിരായി മാറുന്നുവോ? ദൈവരാജ്യവ്യാപനത്തിനു വേണ്ടിയുള്ള ഏതു വിധ ആയോധനങ്ങളും ഭീഷണിയായി മാറുന്നത് പിശാചിനു മാത്രമല്ലെ? നാം അവനൊപ്പമോ? അതോ ദൈവത്തിനൊപ്പമോ?


സകല ലോകനിയമങ്ങളുടെയും നേഴ്സറി വിശുദ്ധവചനം തന്നെ. ഇസ്രായേല്യ, റാമാനിയമങ്ങൾ തന്നെ അതിനു ഉദാഹരണം. തിന്മക്കെതിരേയുള്ള യാതൊരു പോരാട്ടത്തെയും ലഘുവായി കാണേണ്ടതില്ല. സ്ഥാനത്തിന്റെയോ പേരിന്റെയോ ധനത്തിന്റെയോ സ്നേഹബന്ധങ്ങളുടെയോ മുന്നിൽ നിസ്സാരവൽക്കരിക്കപ്പെടേണ്ടതല്ല തിന്മകൾ.

ആരോപണപ്രത്യാരോപണങ്ങൾ സമാന്തരരേഖകളായി തുടർന്നുകൊണ്ടിരിക്കും. നിങ്ങളിൽ പാപം ഇല്ലാത്തവൻ ആദ്യം കല്ലെറിയട്ടെ എന്ന് യേശുനാഥൻ ഒരു പുരുഷാരത്തോടാണ് പറഞ്ഞത്. തല നിവർത്തിയ യേശു മുന്നിൽ ആരെയും കണ്ടില്ല. ആ ജനക്കൂട്ടത്തിന് മനസാക്ഷി എന്ന ഒന്ന് ശേഷിച്ചിരുന്നു. തിന്മയെയും ശത്രുവിനെയും അരിഞ്ഞുവീഴ്ത്താൻ അരയും തലയും മുറുക്കി വാൾ കയ്യിലേന്തി ഇറങ്ങുന്നവരോട് പാപമില്ലാത്തവർ ആദ്യം അത് ചെയ്യട്ടെ എന്ന് ഈശോ മുന്നറിയിപ്പ് നല്കുന്നു.

ഈ നാഥനെ പ്രസംഗിക്കുന്നവരും പ്രകീർത്തിക്കുന്നവരും ഒപ്പം സഞ്ചരിക്കുന്നവരെന്ന് അഭിമാനിക്കുന്നവരും മുല്ലപ്പൂമ്പൊടി ഏറ്റു കിടക്കുന്ന കല്ലിന്റെ അനുഭവസാക്ഷ്യത്തിലേക്ക് വരേണ്ടതുണ്ട്. അല്പം നറുമണം സമ്മാനിക്കേണ്ടതുണ്ട്.

നാം എന്തെല്ലാം ചെയ്തു എന്നതിനേക്കാൾ എന്ത് ഉദ്ദേശത്തിൽ ഓരോന്നും ചെയ്തു എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. വലിയ കോൽ കണ്ണിൽ ഇരിക്കെ സഹോദരന്റെ കണ്ണിലെ കരടിനെക്കുറിച്ച് വ്യാകുലപ്പെടുകയാണ് ആധുനിക കാലത്തിലെ ഉപദേശകർ. നീതിബോധത്തിനും യുക്തിബോധത്തിനും എതിരാണ്. സ്വന്തം ജീവിതത്തെ വചനത്തിനും ദൈവത്തിനും മുന്നിൽ അർപ്പിച്ച് രൂപാന്തരവും പുതുക്കിപ്പണിയലും പ്രായോഗികമാക്കി ആത്മസംതൃപ്തിയുടെ വ്യക്തിജീവിതം കൈവരിക്കാനായാൽ എല്ലാമായി. അതിനുള്ള വിളിയും തെരഞ്ഞെടുപ്പുമാണ് നമുക്കുള്ളത്. സഹോദരന്റെ കാവൽക്കാരനാകാം. എന്നാൽ അവന്റെ പാപത്തിന്റെ കണക്ക് നമ്മോട് തമ്പുരാൻ ഒരിക്കലും ചോദിക്കയില്ല. അവനവന്റെ കണക്കേ ഓരോരുത്തരും ബോധിപ്പിക്കേണ്ടി വരികയുള്ളു.

# നിയമം ലംഘിച്ചാൽ!



ജോൺസൺ കുളങ്ങര

ജീവിച്ചിരിക്കുന്ന പലരും മരിച്ചുപോയതായി വോട്ടേഴ്സ് ലിസ്റ്റിൽ രേഖപ്പെടുത്തിയ സംഭവം ഒരു പതിറ്റാണ്ടു മുമ്പ് നമ്മുടെ സംസ്ഥാനത്ത് വളരെ വിവാദം സൃഷ്ടിച്ച വിഷയമാണ്. 'ഇതാ ഞങ്ങൾ ജീവനോടെ നിങ്ങളുടെ മുമ്പിൽ നിൽക്കുന്നു' എന്ന് നേരിട്ട് ഹാജരായി തെളിവു നല്കിയ വോട്ടർമാരോട് 'നിങ്ങൾ മരിച്ചുപോയിരിക്കുന്നു' എന്ന് ഏജന്റുമാർ രേഖാമൂലം കാണിച്ചുകൊടുത്തിട്ടും വേണ്ടത്ര വിശ്വാസം വരാതെ ജീവച്ഛവങ്ങളായി തന്നെയാണവർ വോട്ട് ചെയ്യാതെ തിരിച്ചു പോയത്. എത്ര പ്രശസ്ത വ്യക്തിയാണെങ്കിലും വോട്ടേഴ്സ് ലിസ്റ്റിൽ പേരില്ലെങ്കിൽ വോട്ട് ചെയ്യാൻ നിയമം അനുവദിക്കുന്നതല്ല. വോട്ടേഴ്സ് ലിസ്റ്റിന്റെ കാര്യത്തിൽ മാത്രമല്ല സർക്കാർ ആനുകൂല്യങ്ങൾക്ക് റേഷൻ കാർഡും ഔദ്യോഗിക ആവശ്യങ്ങൾക്ക് ജനനസർട്ടിഫിക്കറ്റും വിദേശ യാത്രയ്ക്ക് പാസ്സ്പോർട്ടും തുടങ്ങി ഒട്ടേറെ നിയമക്കുരുക്കുകളിലൂടെയാണ് ഭരണകൂടം ജനത്തെ നിയന്ത്രിക്കുന്നത്. ഇവയിൽ ഒന്ന് പിഴവു വരുത്തിയാൽ ഉളവാകുന്ന ശിക്ഷാനടപടികൾക്ക് അനുഭവസ്ഥരോ സാക്ഷികളോ ആണ് നമ്മിൽ പലരും.

അടിസ്ഥാനപരമായി ഒരു നിയമാവലി ഉണ്ടെങ്കിൽ മാത്രമേ ഏത് പ്രസ്ഥാനവും സുഗമമായി മുന്നോട്ടു കൊണ്ടുപോകാൻ കഴിയുകയുള്ളൂ. അതുകൊണ്ട് തന്നെ ലോകത്തിലെ ഏത് സ്ഥാപനത്തിനും പ്രസ്ഥാനത്തിനും ഒരു നിയമാവലിയുണ്ട്. ആ നിയമങ്ങൾക്ക് വിധേയപ്പെട്ടു മാത്രമേ അവിടെ തുടരാനാവൂ. പ്രത്യേകം പ്രത്യേകം യൂണിഫോം ധരിച്ച് സ്കൂളുകളിലേക്കും കോളേജുകളിലേക്കും പോകുന്ന വിദ്യാർത്ഥികളെ കണ്ടിട്ടില്ലേ? തുണിക്കടകളിലും ജ്വല്ലറികളിലും ഫാക്ടറികളിലും ഹോട്ടലുകളിലുമെല്ലാം അവർ നിർദ്ദേശിക്കുന്ന യൂണിഫോം തന്നെ ധരിച്ചു ചെല്ലണമെന്ന് നിയമം ഉണ്ട്.ഒരു വിദ്യാർത്ഥി ധനാഢ്യന്റെ മകനായതിനാൽ വിലകൂടിയ വിശേഷ വസ്ത്രമോ, വസ്ത്രധാരണമോ മറ്റൊരു കുട്ടി ദരിദ്രനാകയാൽ വിലകുറഞ്ഞ എതെങ്കിലും വസ്ത്രമോധരിച്ചു ചെന്ന് പഠനം തുടരാനാവില്ല.

റോഡിന്റെ ഇടതുവശം ചേർന്ന് വാഹനം ഓടിക്കണം എന്നതാണ് ഇന്ത്യൻ നിയമം. ഗൾഫ് നാടുകളിലിത് വലതുവശം ചേർന്നാണ്. ഇന്ത്യയിലെ ഒരു ഡ്രൈവർ ഗൾഫിൽ ചെന്ന് ഇവിടുത്തെ പരിചയം വെച്ച് അവിടെ ഇടതുവശത്തുടെ വാഹനം ഓടിച്ചാൽ എന്ത് സംഭവിക്കും? ഒന്നുകിൽ അപകട സ്ഥലത്തു നിന്ന് അയാളെ വാരിക്കൂട്ടി പെട്ടിയിലാക്കി നാട്ടിൽ എത്തിക്കേണ്ടിവരും, അല്ലെങ്കിൽ നിയമം ലംഘിച്ചതിനു അറേബ്യൻ കോടതി വിധിക്കുന്ന ശിക്ഷ അനുഭവിക്കേണ്ടി വരും.

ഇതിൽ നിന്നെല്ലാം വെളിപ്പെട്ടുവരുന്ന ഒരു സത്യമുണ്ട്. ഓരോ സ്ഥാപനത്തിനും പ്രസ്ഥാനത്തിനും പാർട്ടിക്കും രാജ്യത്തിനും അതിന്റേതായ നിയമാവലികളുണ്ട്. ആ നിയമങ്ങൾ അനുസരിക്കാത്തവർ ശിക്ഷായോഗ്യരാണ്. ഇനി ഈ നിയമങ്ങളെല്ലാം ആരാണ് ഉണ്ടാക്കുന്നത്? നമ്മെപ്പോലുള്ള മനുഷ്യർ തന്നെ. തങ്ങൾ ഉൾപ്പെട്ടു നിൽക്കുന്ന പ്രസ്ഥാനത്തിന്റെ പാർട്ടിയുടെ നിലനിൽപ്പും വളർച്ചയും അതിലെ മനുഷ്യരുടെ നന്മയും മുൻകണ്ട് അവരുടെ ബുദ്ധിമുശയിൽ നിന്നും ഖനനം ചെയ്തെടുക്കുന്ന മാർഗ്ഗ രേഖകളാണവ. ചുരുക്കി പറഞ്ഞാൽ ചില മനുഷ്യർ എഴുതിയുണ്ടാക്കുന്ന ഈ നിയമങ്ങൾ സഹജീവികളായ മറ്റു മനുഷ്യർ അനുസരിച്ചില്ലെങ്കിൽ അതിനു തക്കതായ ശിക്ഷ ഏൽക്കേണ്ടിവരുന്നു. അല്ലെങ്കിൽ ശിക്ഷണ നടപടിക്ക് വിധേയപ്പെടേണ്ടിവരുന്നു.

അങ്ങനെയെങ്കിൽ ചിന്തിക്കുക, ദൈവം സൃഷ്ടിച്ച ഈ പ്രപഞ്ചം. അതിൽ ജീവവാസയോഗ്യമായി ദൈവം തന്നെ ക്രമീകരിച്ചിരിക്കുന്ന ഭൂമി. ആ ഭൂമിയിലെ, അതിലെ സമുദ്രത്തിലെ അളവറ്റ സമ്പത്ത്, നിക്ഷേപങ്ങൾ. ഇവയെല്ലാം നൽകി മനുഷ്യനെ ഇവിടെ അധിവസിപ്പിച്ചു. അവൻ അനുസരിച്ച് നടക്കാൻ ഒരു പ്രമാണവും നൽകി. ദൈവവചനം! ഈ ദൈവത്തെ - സൃഷ്ടാവിനെ - അന്വേഷിക്കുകയോ അവന്റെ പ്രമാണങ്ങൾ അനുസരിക്കുകയോ ചെയ്യാതെ, സ്വന്തം മനോധർമ്മം അനുസരിച്ച് തന്നിഷ്ടം പോലെ ജീവിക്കുന്ന മനുഷ്യരെ നീതിമാനായ, ന്യായാധിപതിയായ കർത്താവ് വെറുതെ വിടുമോ? ഒരിക്കലുമില്ല.

ബൈബിൾ :"യൗവ്വനക്കാരാ, നിന്റെ യൗവ്വനത്തിൽ സന്തോഷിക്കുക. യൗവ്വന കാലത്തിൽ നിന്റെ ഹൃദയം ആനന്ദിക്കട്ടെ. നിനക്ക് ഇഷ്ടമുള്ള വഴികളിലും നിനക്ക് ബോധിച്ചവണ്ണവും നടന്നുകൊൾക. എന്നാൽ ഇവ ഒക്കെയും നിമിത്തം ദൈവം നിന്നെ ന്യായവിസ്താരത്തിലേക്ക് വരുത്തുമെന്നറിയുക.'' (സഭാപ്രസംഗി 11:9)

ഒരു രാജ്യത്തിന്റെയോ പാർട്ടിയുടെയോ മതത്തിന്റെയോ പ്രമാണം മാനദണ്ഡമാക്കിയല്ല ദൈവവചനം അനുസരിച്ചാണ് മനുഷ്യനെ ദൈവം ന്യായം വിധിക്കുക. മാനുഷിക നിയമങ്ങൾക്കോ ഉപദേശങ്ങൾക്കോ വായുമണ്ഡലത്തിനപ്പുറം പ്രവേശനമില്ല. നാം ജീവിക്കുന്ന രാജ്യത്തോ നാം ജോലിചെയ്യുന്ന സ്ഥാപനത്തിലോ നമ്മൾ തീരുമാനിക്കുന്നതോ നമുക്കു ശരിയെന്നു തോന്നുന്നതോ അല്ല നിയമം. ആ രാജ്യത്തിന്റെ സ്ഥാപനത്തിന്റെ ഒരു ഭരണഘടനയുണ്ട് അതുമാത്രമാണ്. ദൈവം സൃഷ്ടിച്ച ഈ പ്രപഞ്ചത്തിലേയും ദൈവം വസിക്കുന്ന സ്വർഗ്ഗത്തിലേയും നിയമങ്ങൾ മനുഷ്യരോ മതങ്ങളോ സഭകളോ അല്ല തീരുമാനിക്കേണ്ടത് എന്ന് നാം വ്യക്തമായി അറിഞ്ഞിരിക്കണം.

''എന്റെ വചനം കൈക്കൊള്ളാതെ എന്നെ തള്ളിക്കളയുന്നവനെ ന്യായം വിധിക്കുന്നവൻ ഉണ്ട്. ഞാൻ സംസാരിച്ച വചനം തന്നെ ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും." ( യോഹന്നാൻ 12:48)

നിയമം അറിയില്ലായെന്നത് ഒരു കുറ്റവാളിക്ക് രക്ഷപ്പെടാനുള്ള യോഗ്യതയാകുന്നില്ല. ●

# ഗമാലിയേലിസം



ഗമാലിയേൽ - "ന്യായപ്രമാണത്തിന്റെ മനോഹരത്വം" എന്ന പേരിൽ പ്രസിദ്ധനായ, യെഹൂദാ നിയമപണ്ഡിതനും, സന്നദ്രീം സംഘത്തിലെ സർവ്വാദരണീയനായിരുന്ന 'റബ്ബി ഗമാലിയേൽ' മരിച്ചതോടെ "ന്യായ പ്രമാണത്തിന്റെ തേജസ്സ് നിലച്ചുപോയി" എന്നു തൽമൂദിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇദ്ദേഹം ഒരു പരീശനായിരുന്നെങ്കിലും പരീശന്മാരുടെ 'സങ്കുചിതത്വം' തന്നെ സ്പർശിച്ചില്ലായിരുന്നു. ഹില്ലേൽ എന്ന പ്രസിദ്ധനായ വേദശാസ്ത്രിയുടെ പൗത്രനായിരുന്നു. സ്വപക്ഷത്തിന്റെ മുൻവിധികൾക്കതീതനായി ചിന്തിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. അപ്പോസ്തോലന്മാരെ സന്നദ്രീം സംഘത്തിന്റെ മുമ്പിൽ കൊണ്ടുവന്നപ്പോൾ അവരുടെ ധൈര്യവും ഉറപ്പും കണ്ട് കോപപരവശരായി അവരെ ഒടുക്കിക്കളയുവാൻ ന്യായാധിപസംഘം ഒരുങ്ങി. അതിനെ തടഞ്ഞത് ഗമാലിയേലിന്റെ പ്രഭാഷണമായിരുന്നു. (അ. പ്ര. 5.34-39)


അപ്പോസ്തലനായ പൗലോസ് കിലികൃയിലെ തർസൊസിൽ ജനിച്ചെങ്കിലും യെരുശലേം നഗരത്തിൽ വളർന്നവനായിരുന്നു. പൗലോസ് ഗമാലിയേലിന്റെ കാല്ക്കൽ ഇരുന്നു പിതാക്കന്മാരുടെ ന്യായപ്രമാണം സൂക്ഷമതയോടെ അഭ്യസിച്ചു എന്ന് ഏറ്റു പറഞ്ഞിട്ടുണ്ട്. (അ. പ്ര. 22.3)

അപ്പൊസ്തലന്മാരുടെ പ്രവർത്തികൾ 5.34 -39 വരെ ഗമാലിയേൽ പറഞ്ഞത് പാലസ്റ്റൈയിനിൽ ത്യൂദാസ്, യൂദാ എന്ന രണ്ടു പേർ ആളുകളെ കൂട്ടി കലഹങ്ങൾ ഉണ്ടാക്കി ഇരുവരും നശിച്ചുപോയി. അപ്പൊസ്തോലർ സുവിശേഷ സന്ദേശം യരുശലേമിനെ നിറച്ചുകൊണ്ടിരിക്കുന്നു. (അ.പ്ര. 5.28) -പുരോഹിതൻ

''ഈ മനുഷ്യരെ വിട്ട് ഒഴിഞ്ഞു കൊൾവിൻ എന്നു ഞാൻ നിങ്ങളോട് പറയുന്നു. ഈ ആലോചനയോ പ്രവർത്തിയോ മാനുഷം എന്നു വരികിൽ അതു നശിച്ചുപോകും. ദൈവീകം എങ്കിലേ നിങ്ങൾക്ക് അതു നശിപ്പിക്കുവാൻ കഴിയുകയില്ല. നിങ്ങൾ ദൈവത്തോടു പോരാടുന്നു എന്നു വരാൻ പാടില്ല എന്നു പറഞ്ഞു" (അപ്ര. 5.38-39)

പൗലോസ് ഗമാലിയേലിന്റെ പാദത്തിലിരുന്നു പഠിച്ചവനായിരുന്നെങ്കിലും ഗമാലിയേലിന്റെ ഈ പാഠം പഠിച്ചില്ല; അനുസരിച്ചില്ല. ഈ ഉപദേശത്തിന്റെ സാരാംശം എന്താണ്? 'ഏതു ദുരുപദേശത്തോടും കൊള്ളരുതായ്മകളോടും നാം ഒന്നു പ്രതികരിക്കേണ്ടതില്ല!' എന്തുകൊണ്ട്? അതു മാനുഷം എങ്കിൽ നാം ഒന്നും ചെയ്യേണ്ട, താനേ നശിച്ചുകൊള്ളും" -അപ്പൊസ്തലനായ പൗലോസ് തന്റെ കർത്തൃവേലയിൽ ഒരു ഘട്ടത്തിലും ഈ പ്രമാണം സ്വീകരിച്ചിട്ടില്ല. സഭകളിൽ നുഴഞ്ഞു കയറിയ ദുരുപദേശങ്ങളെയും ദുരുപദേഷ്ടാക്കന്മാരെയും ക്രമക്കേടുകളേയും കുറിച്ച് "അതു മാനുഷം എന്നു വരികിൽ നശിച്ചുപോകും'' എന്നു പറഞ്ഞു കയ്യും കെട്ടി ഇരിക്കുകയായിരുന്നുവോ? പൗലോസിന്റെ ലേഖനങ്ങൾ അതിന് ശരിയായ മറുപടി പറയുന്നവയാണ്. ഒറ്റ നോട്ടത്തിൽ ഗമാലിയേലിന്റെ ഈ ഉപദേശം ശരിയാണെന്നു തോന്നിപ്പോകും. തങ്ങളുടെ കടപ്പാടുകളിൽ നിന്നും ഒഴിഞ്ഞുകളവാൻ ആഗ്രഹിക്കുന്നവർക്കു ഒരു ഏണിയാണിത്. സഹോദരങ്ങളെ നിങ്ങൾ ഗമാലിയേലിനെ അനുഗമിക്കരുത്. പൗലോസിനെ മാതൃകയാക്കുക. സത്യത്തിനു സാക്ഷികളാവുക K.C.M. ●

## ജിമ്മിയും മമ്മിയും



*"എവറസ്റ്റ് കൊടുമുടിയിൽ ആദ്യം കാൽകുത്തിയതാരാണ്?"*
*"പതിനൊന്നുപേര്!"*
*"പതിനൊന്നോ?"*
*അതെ ഒരു ഹിലാരിയും പത്ത് സിങ്ങുമാരും!"*
*"രണ്ടു പേരല്ലേ"*
*"അല്ല! ഹിലാരിയും Ten സിങ്ങും!"*

# കിബ്രോത്ത് ഹത്താവ - മന്നയേക്കാൾ മാംസ സ്നേഹം!



**അ**വർ ചോദിച്ചപ്പോൾ അവർ കാടകളെ കൊടുത്തു (സങ്കീ. 105.40) അവർ അപേക്ഷിച്ചത് അവൻ അവർക്കു കൊടുത്തു എങ്കിലും അവരുടെ പ്രാണനു ക്ഷയം അയച്ചു (സങ്കീ. 106.15) ഇറച്ചി അവരുടെ പല്ലിനിടയിൽ ഇരിക്കുമ്പോൾ അത് ചവച്ചിറക്കുംമുൻപു തന്നെ യഹോവയുടെ കോപം ജനത്തിന്റെ നേരെ ജ്വലിച്ചു. യഹോവ ജനത്തെ ഒരു മഹാബാധ കൊണ്ടു സംഹരിച്ചു. ദുരാഗ്രികളുടെ കൂട്ടത്തെ അവിടെ കുഴിച്ചിട്ടതുകൊണ്ട് ആ സ്ഥലത്തിനു 'കിബ്രോത്ത്- ഹത്താവ' എന്നു പേരായി. (സംഖ്യാ 11.33.)

നൂറ്റി അഞ്ചാം സങ്കീർത്തനത്തിൽ " അവർ ചോദിച്ചപ്പോൾ (105.40) കാടകളെ കൊടുത്തു. നാൽപ്പതാം വാക്യത്തിനു മുൻപിലെ 39 വാക്യങ്ങളിൽ അവർ ചോദിക്കാതെതന്നെ ദൈവം അവർക്കു നല്കിയ നന്മകളെക്കുറിച്ചാണ് പറയുന്നത്. ദൈവം നമ്മുടെ ആവശ്യം അറിഞ്ഞ് തരുന്നതും (Directive will) നാം ചോദിച്ച് വാങ്ങുന്നതും (Permissive will) തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ടാകാവുന്നതാണ്.

യിസ്രായേൽ മക്കൾ തങ്ങൾക്ക് ഒരു രാജാവിനെ വേണം എന്നാവശ്യപ്പെട്ടു. ദൈവം കൊടുത്തു. ഞങ്ങളെ ഭരിക്കേണ്ടതിനു രാജാവിനെ തരണമെന്ന് അവർ പറഞ്ഞ കാര്യം ശമുവേലിന് അനിഷ്ടമായി. ശമുവേൽ യഹോവയോടു പ്രാർത്ഥിച്ചു യഹോവ ശമുവേലിനോടു ഇപ്രകാരം അരുളി ചെയ്തു. ജനം നിന്നോടു പറയുന്ന സകലത്തിനും അവരുടെ അപേക്ഷ കേൾക്ക; അവർ നിന്നെയല്ല, ഞാൻ അവരെ ഭരിക്കാത്തവണ്ണം എന്നെയാകുന്നു ത്യജിച്ചിരിക്കുന്നത്. ഞാൻ അവരെ മിസ്രയീമിൽ നിന്നു പുറപ്പെടുവിച്ച നാൾ മുതൽ ഇന്നു വരെ അവർ എന്നെ ഉപേക്ഷിച്ചും അന്യ ദൈവങ്ങളെ സേവിച്ചും കൊണ്ട് എന്നോടു ചെയ്തപോലെ നിന്നോടും ചെയ്യുന്നു. രാജാവിനെ കൊടുത്തു അതുകൊണ്ടുണ്ടായ 'കിടക്കപ്പൊറുതികേട്' ചില്ലറയൊന്നുമായിരുന്നില്ല!

ദൈവം നമുക്കു തരുന്നതു എന്തായാലും അതു സന്തോഷത്തോടെ സ്വീകരിക്കുന്നതാണ് ഉത്തമം. അത് ചോദിച്ചുവാങ്ങുന്നതിനേക്കാൾ ശ്രേഷ്ഠമായിരിക്കും. ജഡത്തിന്റെയും ലോകപ്രതാപത്തിന്റെയും (മാംസം ചോദിച്ചതും, രാജാവിനെ ചോദിച്ചതും ജഡത്തെയുംതൃപ്തിപ്പെടുത്താണ്). ആവശ്യങ്ങളെ നമ്മുടെ പ്രാർത്ഥനകളിൽ നിന്നും ഒന്നു ഒഴിവാക്കി നിർത്താമെങ്കിൽ നമ്മുടെ പ്രാർത്ഥന എത്ര ശുഷ്കമാണ് എന്നു ബോദ്ധ്യപ്പെടും. നമ്മുടെ ആവശ്യങ്ങൾ ദൈവസന്നിധിയിൽ ഉന്നയിക്കുമ്പോൾ ദൈവപ്രസാദമുള്ള കാര്യങ്ങളാണോ എന്നു ശ്രദ്ധിക്കേണ്ടതാണ്. അവർ 'ചോദിച്ചപ്പോൾ' ........... അവർ ചോദിക്കുകയല്ലായിരുന്നു. അവരുടെ 'സമ്മിശ്ര ജാതി ദുരാഗ്രഹികളായി പിറുപിറുക്കുക'യാണ് ചെയ്തത്. നാമും നമുക്കില്ലാത്ത് കാര്യങ്ങളെ സംബന്ധിച്ച് പ്രാർത്ഥിക്കുന്നതിന് പകരം നിരാശപ്പെടുകയും പിറിപിറുക്കുകയുമാണ് പതിവ്. ആവശ്യങ്ങളെ സ്തോത്രത്തോടെ അറിയിക്കയത്രേ വേണ്ടതു എന്നു ദൈവം പറയുന്നു. (ഫിലി. 4.6) എന്തുകൊണ്ടു അവർ ഈ ആവശ്യങ്ങളെ ദൈവസന്നിധിയിൽ വെച്ചില്ല? കാരണം ദൈവ മുമ്പാകെകൊണ്ടു ചെല്ലുവാൻ കൊള്ളാത്ത ഒരാവശ്യമാണെന്നു അവർക്ക് തന്നെ തോന്നിക്കാണും!

മിസ്രയിമിൽ ഇറച്ചിയുണ്ട്. ഇവിടെ ഇല്ല. മറ്റുള്ളവർക്ക് ഉണ്ട്. ഞങ്ങൾക്കില്ല! മന്നയേക്കാൾ മാംസത്തോടു അഭിരുചി! ആത്മീയ കാര്യങ്ങളെക്കാൾ ലോകകാര്യങ്ങളോടു 'പറ്റുമാനം!' ഇന്നു ഈ വകക്കാരെ കൊണ്ടുള്ള ശല്യം സഭയിൽ ചില്ലറയൊന്നുമല്ല. "ഞങ്ങൾക്കു തിന്മാൻ ഇറച്ചി ആരു തരും? ഞങ്ങൾ മിസ്രയീമിൽ വച്ചു വില കൂടാതെ തിന്നിട്ടുള്ള മത്സ്യം, വെള്ളരിക്ക, മത്തങ്ങ, ഉള്ളി, ചുവന്നുള്ളി, ചിറ്റുള്ളി എന്നിവ ഞങ്ങൾ ഓർക്കുന്നു.ഇപ്പോഴോ ഞങ്ങളുടെ പ്രാണൻ പൊരിഞ്ഞിരിക്കുന്നു. ഈ മന്നാ അല്ലാതെ ഒന്നും കാൺമാനില്ല" എന്നു പറഞ്ഞു. മന്ന ആദ്യമായി കിട്ടിയപ്പോൾ അതിന്റെ രുചി തേൻ കൂട്ടിയ ദോശപോലെ ആയിരുന്നു. ആദ്യമായി സത്യവേദ വാക്യങ്ങൾ കേട്ടപ്പോൾ ''നിത്യജീവമന്നയാമതെന്റെ ഭക്ഷ്യ''മായിരുന്നു.'' ഇപ്പോഴോ " ഈ നിസ്സാ രമായ ആഹാരം ഞങ്ങൾക്കു വെറുപ്പാകുന്നു" എന്നു പറയുന്നു. (സംഖ്യ 21.5)

സ്വർഗ്ഗീയ ഭോജനമായ മന്നകൊണ്ടു അവർക്കു തൃപ്തി വരുത്തിയ, പാറയെപിളർന്നു 'മിനറൽ വാട്ടർ' ഉണങ്ങിയ നിലത്തു കൂടി നദിയായി ഒഴുക്കികൊടുത്ത ദൈവത്തെ അധിക്ഷേപിച്ചപ്പോൾ അഗ്നി സർപ്പങ്ങളാൽ ദൈവിക ശിക്ഷ ഉണ്ടായി. മാംസം ചോദിച്ച് പിറുപിറുത്തപ്പോൾ 'മന്ന അവിടെ നിൽക്കട്ടെ' എന്നു ദൈവം കല്പിച്ചിരുന്നെങ്കിൽ !? ദൈവം നമ്മുടെ അകൃത്യത്തിന് തക്കവണ്ണം നമ്മോടു പകരം ചെയ്യുന്നില്ല ദൈവം അങ്ങനെ ചെയ്തില്ല! (സങ്കീ. 103:10)

നമ്മുടെ പ്രാർത്ഥനകളിലും ജീവിത്തിലും പലപ്പോഴും മന്നയേക്കാൾ ഇറച്ചിയെ സ്നേഹിച്ചിട്ടുണ്ട്. എങ്കിലും ദൈവം തന്റെ മന്ന ഇന്നും – ഇത്രവളരെ അവിശ്വസ്തരായിട്ടും നിർത്തി കളഞ്ഞിട്ടില്ല. ജീവന്റെ മന്നയായ ദൈവവചനം നമുക്കു ലഭിക്കുന്നു. എത്ര നല്ല ദൈവം! സ്നേഹവാനായ ദൈവം സ്വർഗ്ഗീയഭോജനം കൊണ്ടു തൃപ്തി വരുത്തുന്ന ഈ ദൈവത്തെ നമുക്കു വണങ്ങി നമസ്ക്കരിക്കാം

K.C.M.

## ആരോഗ്യ വിജ്ഞാനം

# ഡെങ്കിപ്പനി

കുടുംബഡോക്ടർ

**ആ**ർത്രോപോഡ് ബോൺ വൈറസ്മൂലമുണ്ടാകുന്ന രോഗമാണ് ഡെങ്കിപ്പനി. ഈജിപ്തി എന്നറിയപ്പെടുന്ന കൊതുകുകളാണ് ഡങ്കിപ്പനിക്കു കാരണമായ വൈറസിനെ വഹിക്കുന്നത്. നാലുതരത്തിൽപ്പെട്ട വൈറസുകൾ ഡങ്കിപ്പനിക്കു കാരണമാകുന്നതായി വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നു. കൊതുകു കടിയേല്ക്കുന്നതിലൂടെയാണ് മനുഷ്യരിൽ ഇത്തരം വൈറസുകൾ എത്തുന്നത്.

### ലക്ഷണങ്ങൾ

1. ഉയർന്നപനി (105 ഡിഗ്രി ഫാരൻഹീറ്റ് പനി) (2)അസഹനീയ തലവേദന, (3) മനം പിരട്ടൽ, (4) 3,4 ദിവസങ്ങൾക്കുള്ളിൽ ശരീരമാകെ പ്രത്യക്ഷപ്പെടുന്ന തിണർപ്പു ണ്ടാകുന്നു. (5) കണ്ണിലെ ഓർബിറ്റിലുണ്ടാകുന്ന വേദന (6) രക്തക്കുഴലുകൾക്കും ലിംഫ് (നാളികൾക്കുണ്ടാകുന്ന കേടുപാടുകൾ (7) മൂക്ക്, ത്വക്ക് എന്നിവയിൽ നിന്ന് രക്ത സ്രാവം (8) പേശീവേദന (9) തളർച്ച.

### രോഗകാരണം

നാലുതരത്തിൽപ്പെട്ട ഡെങ്കു വൈറസുകളാണ് രോഗകാരണം. $DEN_1$, $DEN_2$, $DEN_3$, $DEN_4$ എന്നിവ രോഗകാരികൾ

### രോഗനിർണയം

രണ്ടാഴ്ച ഇടവിട്ടു നടത്തുന്ന രണ്ടു രക്തപരിശോധനകളിലൂടെ ഡങ്കിപ്പനി കൃത്യമായി നിർണയിക്കാം.

### ചികിത്സ

സാധാരണയായി ഡങ്കിപ്പനിക്കു പ്രത്യേക ചികിത്സയില്ല. രോഗലക്ഷണങ്ങൾ കുറയ്ക്കുന്നതിനുള്ള മരുന്നുകൾ പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഡോക്ടറുടെ നിർദ്ദേശപ്രകാരം സ്വീകരിക്കുക. രണ്ടാഴ്ചയ്ക്കുള്ളിൽ ഡങ്കി ബാധിതർ സുഖം പ്രാപിക്കുന്നതായി കാണാറുണ്ട്. വേഗം സുഖം പ്രാപിക്കുന്നതിനു സഹായകമായ ചില നിർദ്ദേശങ്ങൾ.

വിശ്രമിക്കുക, ധാരാളം വെള്ളം കുടിക്കുക, വിദഗ്ദ്ധ നിർദ്ദേശപ്രകാരം മരുന്നുകൾ കഴിക്കുക, സ്വയം ചികിത്സ ഒഴിവാക്കുക.

### പ്രതിരോധമാർഗ്ഗങ്ങൾ

1. കൊതുകിന്റെ കടിയേല്ക്കാതെ സൂക്ഷിക്കുക.
2. കതകുകൾ, ജനലുകൾ, വെന്റിലേറ്റർ കൊതുകു കയറാതിരിക്കുന്ന സംവിധാനങ്ങൾ ക്രമീകരിക്കുക
3. അനേകതര പനികൾ അനേക തരം കൊതുകുമൂലമാണ് പകരുന്നത്. കൊതുകു നശീകരണ മാർഗ്ഗങ്ങൾ നടപ്പിലാക്കുക.
4. ഈഡിസ് കൊതുകുകൾ സാധാരണ കടിക്കുന്നതു പകൽ സമയങ്ങളിലാണ്. പ്രത്യേകിച്ചും അതിരാവിലെയും വൈകുന്നേരങ്ങളിലും. ഈ സമയങ്ങളിൽ കൊതുകിന്റെ കടിയേല്ക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.
5. വീടിന്റെ പരിസരങ്ങളിൽ വെള്ളം കെട്ടിനില്ക്കാൻ അനുവദിക്കരുത്. കെട്ടിക്കിടക്കുന്ന വെള്ളത്തിലാണു കൊതുകു മുട്ടയിടുന്നത്. വീടിന്റെ പരിസരങ്ങളിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ കാണുന്ന പാത്രങ്ങൾ, ടയറിന്റെ ട്യൂബുകൾ, റബ്ബർ പാൽ ശേഖരിച്ച ശേഷം പാത്രം കമഴ്ത്തി വയ്ക്കുക. ഒരു കൊതുകുത്തിയാൽ നീണ്ട അനർത്ഥ കാരണമാകാം. ജാഗ്രത!

## ദൃഷ്ടാന്തവീഥി

# ശ്രോതാക്കളുടെയിടയിൽ ഒരു അപരിചിതൻ!?

"**ക്രി**സ്തു സഭയിൽ വന്നപ്പോൾ' എന്ന ഗ്രന്ഥത്തിന്റെ എഴുത്തുകാരൻ തന്റെ ജീവിതത്തെ ആകമാനം വ്യത്യാസപ്പെടുത്തിയ ഒരു സംഭവം ഇങ്ങനെ പറയുന്നു.

പതിവുപോലെ ഞാൻ ശനിയാഴ്ച രാത്രിയിൽ ഞായറാഴ്ചയ്ക്കുള്ള ദൂത് തയ്യാറാക്കി പ്രാർത്ഥിച്ചു കിടന്നു. രാത്രി ഒരു സ്വപ്നം കണ്ടു. ഞാൻ പ്രസംഗ ശുശ്രൂഷയ്ക്കായി പ്ലാറ്റ്ഫാറത്തിൽ നിന്നു. സഭാ ഹാൾ വിശ്വാസികൾ നിറഞ്ഞിരുന്നു.

പ്രസംഗം തുടങ്ങിയപ്പോൾ ഒരു അപരിചിതൻ മുൻവശത്തുള്ള വാതിൽകൂടെ കടന്നു വന്നു ഒരു ഇരിപ്പടം തിരക്കുന്നതായി കണ്ടു. ചില ബഞ്ചുകൾ കടന്നു മുമ്പോട്ടു വന്നപ്പോൾ ഒരാൾ എഴുന്നേറ്റു ഉപചാരപൂർവ്വം സീറ്റു കൊടുത്തു. അദ്ദേഹം പ്രസംഗം ശ്രദ്ധിച്ചുകൊണ്ടിരുന്നു. യോഗം കഴിഞ്ഞപ്പോൾ അദ്ദേഹം ആരെന്നു അറിയണമെന്നു ഞാൻ ആഗ്രഹിച്ച് തിരക്കി. അദ്ദേഹം പോയിക്കഴിഞ്ഞിരുന്നു. അദ്ദേഹത്തിനു സീറ്റു കൊടുത്ത ആളെ കണ്ടു. നിങ്ങൾ ഉപചരിച്ചിരുത്തിയ ആ മനുഷ്യൻ ആരായിരുന്നുവെന്നു ചോദിച്ചു. അദ്ദേഹം പറഞ്ഞു "അയ്യോ അദ്ദേഹത്തെ മനസ്സിലായില്ലെ? അതു യേശുക്രിസ്തുവായിരുന്നു" – ഞാൻ ആകെ വിറച്ചുപോയി!

കർത്താവിനെ ഇരുത്തി ഞാൻ പ്രസംഗിച്ച വചനങ്ങൾ കർത്താവിനു പ്രസാദമായിരുന്നുവോ? തന്നെ മഹത്വപ്പെടുത്തുന്നവയായിരുന്നുവോ? ഞാൻ അതിൽ സ്വയം വല്ലതും കാണിച്ചുവോ? എന്റെ ദൂതു സഭയുടെ ഇന്നത്തെ ആവശ്യത്തിനു എനിക്കു ലഭിച്ചതായിരുന്നുവോ? കർത്താവ് ഒന്നും പറയാതെ പോയതെന്ത്? എന്നിങ്ങനെ എന്റെ മനസ്സുരുകി. കണ്ണു തുറന്നു അതു സ്വപ്നമായിരുന്നു. അന്നു മുതൽ ഈ ചിന്തകളും ആദർശങ്ങളും എന്നെ എപ്പോഴും ഭരിച്ചു പോരുന്നു.

പാഠം: കർത്താവ് നമ്മുടെ ശ്രോതാക്കളുടെ കൂട്ടത്തിൽ ഉണ്ടെന്നു വചനം ശുശ്രൂഷിക്കുന്നവർ ജാഗ്രത!

വനിതാ പംക്തി

# ഞെരുക്കത്തിൽ നിന്ന് വിശാലതയിൽ

അന്നമ്മ കോശി ബി. എ. ബി. എഡ്.

**ഞാ**ൻ ഞെരുക്കത്തിൽ ഇരുന്നപ്പോൾ നീ എനിക്കു വിശാലത വരുത്തി. സങ്കീ. 4.1. ദൈവത്തിന്റെ ഭൗമികമായ നടത്തിപ്പുകളെക്കുറിച്ച് ഒരു മനുഷ്യന് നൽകാവുന്ന ഏറ്റവും മഹത്തായ സാക്ഷ്യങ്ങളിൽ ഒന്നാണ് ഈ സാക്ഷ്യം.കഷ്ടതയിൽ നിന്നും വിടുതൽ ലഭിച്ച ഒരു മനുഷ്യന്റെ നന്ദി കരേറ്റൽ അല്ല ഇത്. കഷ്ടതകളിൽ കൂടി വിടുതൽ ലഭിച്ച ഒരുവന്റെ നന്ദി പ്രകടനമാണ് ഇത്. ഞാൻ ഞെരുക്കത്തിൽ ഇരുന്നപ്പോൾ നീ എനിക്കു വിശാലത വരുത്തി. ജീവിതത്തിലെ ദുഃഖങ്ങൾ അവയിൽ തന്നെ ജീവിതത്തിന്റെ വിശാലത വരുത്തുന്ന മുഖാന്തിരങ്ങളായിത്തീർന്നുവെന്ന് ദാവീദ് പ്രഖ്യാപിക്കുന്നു.

ദാവീദ് പരീക്ഷിക്കപ്പെട്ടതിനാൽ നാം ഭാഗ്യവാന്മാരായി കാരണം, ഈ മധുരഗീതം നാം കേൾക്കുകയില്ലായിരുന്നു (സ്പർജൻ) തടവിൽകിടന്ന യോസഫിനെപ്പറ്റി "അവൻ ഇരുമ്പുചങ്ങലയിൽ കുടുങ്ങുകയും ചെയ്തു.(സങ്കീ. 105.19) യോസേഫിനു തന്റെ ആത്മാവിന് ആവശ്യമായിരുന്നത് ഇരുമ്പു ചങ്ങലകളായിരുന്നു എന്നു നമുക്കെല്ലാം തോന്നാം. യൗവ്വനത്തിലെ സ്വർണ്ണസ്വപ്നങ്ങളാൽ അവൻ സന്തോഷചിത്തനായി വസിക്കുകയായിരുന്നു. സ്വർണ്ണം ഒരു വിദൂര സ്വപ്നം മാത്രമാകുന്നു. പക്ഷെ ഇരുമ്പ് ഒരു അനുഭവം ആകുന്നു ജോസഫിന്റെ തടവ് അവന്റെ സിംഹാസനത്തിലേക്കുള്ള പാതയായിരുന്നു.

ജീവിതത്തിലെ നിന്റെ നിഴലുകളാണ് നിന്റെ മഹത്വകരമായ സ്വപ്നങ്ങളുടെ യഥാർത്ഥ സാക്ഷാത്കാരം. നിഴലുകളെച്ചൊല്ലി പിറുപിറുക്കരുത്. നിന്റെ നിഴലുകൾ നിന്നെ ചങ്ങലയ്ക്കിട്ടു എന്നു പറയരുത്. നിന്റെ ചങ്ങലകൾ ചിറകുകളാകുന്നു. അനുഗ്രഹത്തിലേക്കു കടന്നു ചെല്ലേണ്ട വാതിലുകളാണു നിന്റെ കാരാഗൃഹ വാതിലുകൾ. ദുഃഖത്തിന്റെ ചങ്ങലകൾ നീ വഹിക്കുന്നതിനാൽ ദൈവം നിന്നെ വിശാലതയിലേക്കു നടത്തുകയാണ്.

യേസേഫ് ഈജിപ്തിലെ തടവുകാരനാക്കപ്പെട്ടിരുന്നില്ലെങ്കിൽ അവൻ ഒരിക്കലും ഈജിപ്തിലെ മന്ത്രി ആകയില്ലായിരുന്നു. തന്റെ കാലുകളിലെ ഇരുമ്പു ചങ്ങലകൾ തന്റെ കഴുത്തിലെ സ്വർണ്ണച്ചങ്ങലകളുടെ മുന്നോടിയായിരുന്നു.

# "ഇതാ എന്റെ അമ്മ"

ബാറീത്തോ ബ്രീറോ

**മ**ണർകാട് പള്ളി എട്ടുനോമ്പു പെരുന്നാൾ മനോരമ മാർക്കറ്റ് ഫീച്ചർ പ്രസിദ്ധീകരണത്തിൽ ബഹു. ബാബു പോൾ (SIM) എഴുതിയ ലേഖനത്തിന്റെ തലക്കെട്ടാണ് മുകളിൽ കാണുന്നത്.

"നിത്യകന്യകയും ദൈവമാതാവുമായ മർത്തമറിയം" ലേഖനത്തിന്റെ ആദ്യവാക്യത്തിലെ ആദ്യവാക്കുകൾ.

വചനം ജഡമായിത്തീർന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽ നിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു. (യോഹ: 1.14) അവളിൽ ഉൽപാദിതമായതു പരിശുദ്ധാത്മാവിനാൽ ആകുന്നു. അവൾ ഒരു മകനെ പ്രസവിക്കും. (മത്തായി. 1.20). പരിശുദ്ധാത്മാവു നിന്റെ മേൽ വരും. അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധപ്രജ ദൈവപുത്രൻ എന്നു വിളിക്കപ്പെടും. (ലൂക്കോ. 1.35) വചനം ജഡമായിത്തീർന്നു എന്നു പറയുന്നത് വചനത്തിന്റെ സാരാംശം ജഡമായി മാറി എന്നർത്ഥത്തിലല്ല. ജഡം കൂടി താൻ സ്വീകരിച്ചെന്നേ അർത്ഥമുള്ളൂ. തന്റെ സാരാംശത്തിനു മാറ്റമൊന്നും വന്നില്ല.(ക്രിസോസ്ത്രം) ഒരു ശരീരം നീ എനിക്ക് ഒരുക്കിയിരിക്കുന്നു. യേശുവിന്റെ അമ്മ മറിയ എന്നതിനേക്കാൾ ബൈബിളിലെ യേശുവിന്റെ അമ്മ എന്ന തലക്കെട്ടിന് കൂടുതൽ പ്രസക്തിയുണ്ട്.

ഇന്നത്തെ ക്രൈസ്തവ – അക്രൈസ്തവ ലോകം പൊതുജനസമക്ഷം അവതരിപ്പിക്കുന്നത് ബൈബിളിൽ നൽകിയിരിക്കുന്ന മറിയയിൽ നിന്നും വ്യത്യസ്തയായിട്ടാണ്. യേശുവിന്റെ അമ്മ ഇന്ന് ഭൂമിയിൽ ജീവിച്ചിരിക്കുന്നുണ്ടായിരുന്നുവെങ്കിൽ, വിശ്രമമില്ലാതെ ഓടി നടന്ന് തന്നെക്കുറിച്ചുള്ള പ്രസ്താവനകൾ പലതും തിരുത്തുകയും വിഗ്രഹാരാധനയിൽ നിന്നും ജനത്തെ പിന്തിരിപ്പിക്കുകയും ചെയ്യുമായിരുന്നു. ആ സ്ത്രീ രത്നം ഇവയെല്ലാം കണ്ട് മനം നൊന്ത് പറുദീസയിൽ കഴിയുന്നു. (ദൈവകൃപ പ്രാപിച്ച മറിയ ("കൃപ നിറഞ്ഞ മറിയ" ബൈബിളിൽ ഇല്ല!.) (മറിയയിൽ സ്വയം നിറഞ്ഞു വരുന്ന കൃപ ഇല്ല) സ്ത്രീകളുടെ ഇടയിൽ (among women) ഭാഗ്യമുള്ളവൾ തന്നെയാണ്. പക്ഷേ മറിയ സ്ത്രീകളിൽ പ്രധാനി (above women) എന്ന തിരുവെഴുത്ത് വിശേഷിപ്പിക്കുന്നില്ല. മറിയ ദൈവമാതാവ് (Theotokos) അല്ല, പ്രത്യുത യേശുവിന്റെ മാതാവ് (Isutokos) മാത്രമാണ്.

ക്രിസ്ത്യാനികളിൽ ഒരു വലിയ വിഭാഗം ആളുകളും ഈ വിഷയത്തെക്കുറിച്ച് വേണ്ടവിധത്തിൽ അറിവില്ലാത്തവരാണ്. ഏവർക്കും രക്ഷകനായി മനുഷ്യനായി അവതരിച്ച യേശുവിന് ജന്മം നല്കിയ മറിയയ്ക്ക് എത്ര മാത്രം പ്രാധാന്യം ബൈബിളും യേശുവും നൽകിയിരിക്കുന്നു എന്നറിയുന്നത് പ്രധാനപ്പെട്ട വസ്തുതയാണ്.

മനുഷ്യരെ ദൈവത്തോടടുപ്പിക്കുവാൻ കഴിവുള്ളവനും ദൈവത്താൽ നിയമിക്കപ്പെട്ടവനുമായ ഏക മദ്ധ്യസ്ഥനായ യേശുക്രിസ്തുവിന്റെ അടുക്കൽ മനുഷ്യൻ ചെന്നെങ്കിൽ മാത്രമേ അവന് രക്ഷയുണ്ടാകൂ എന്നാൽ യേശുക്രിസ്തുവിന്റെ അടുക്കൽ മനുഷ്യൻ ചെല്ലാതെ മനുഷ്യരുടെ വഴിമുടക്കുന്നതായി മറിയയെ ക്രിസ്തുമതം പ്രതിഷ്ഠിച്ചിരിക്കുന്നു.തൽഫലമായി മനുഷ്യന് ലഭിക്കേണ്ട രക്ഷ ലഭിക്കാതെ മനുഷ്യൻ പാപിയായിത്തുടരുന്നു.

അന്ത്യോക്യൻ പാരമ്പര്യത്തിൽ മറിയത്തെ 'ഭൂഷിക നൗക, രണ്ടാം സ്വർഗ്ഗം, യെഹസ്തേലിന്റെ രഥം, സാക്ഷ്യപേടകം, മന്നാ നിക്ഷേപിത ചെപ്പ്, അഹറോന്റെ വടി, ഏലീശായുടെ പുത്തൻ തളിക, കുഞ്ഞാടിനെ നൽകിയ മരം, ജലം ഒഴുക്കിയ പാറ, നാണയം നൽകിയ മൽസ്യം, നീതിയുടെ കണ്ണാടി, ജ്ഞാനത്തിന്റെ സിംഹാസനം, ആനന്ദത്തിന്റെ പനീർപുഷ്പം, ദാവീദിന്റെ ഗോപുരം, സ്ഫടിക ഗോപുരം, സ്വർണഭവനം, സ്വർഗ്ഗവാതിൽ, ഉദയ നക്ഷത്രം, രോഗികളുടെ ഔഷധം, പാപികളുടെ സങ്കേതം, വിലാപക്കാരുടെ ആശ്വാസം, ഞെരുക്കത്തിലിരിക്കുന്നവരുടെ സന്തോഷം. ക്രിസ്ത്യാനികളുടെ സഹായം, മാലാഖമാരുടെ രാജ്ഞി, പിതാക്കന്മാരുടെ രാജ്ഞി, പ്രവാചകരുടെ രാജ്ഞി, ശ്ലീഹന്മാരുടെ രാജ്ഞി, സഹദേന്മാരുടെ രാജ്ഞി, മൗദ്യാന്മാരുടെ രാജ്ഞി, കന്യകമാരുടെ രാജ്ഞി, സകല പരിശുദ്ധന്മാരുടെ രാജ്ഞി, ആകാശത്തിലും ഭൂമിയിലും കാര്യ നിവർത്തിക്ക് പ്രാപ്തി ലഭിച്ചവൾ, സൃഷ്ടികളുടെ ഗുരുവും നാഥയും, പിതാവായ ദൈവത്തിന്റെ ഇഷ്ടപുത്രി, ദൈവപുത്രന്റെ മാതാവ്, പരിശുദ്ധ റൂഹായുടെ മണവാട്ടി, ദൈവത്വത്തിന്റെ ആലയം, ത്രിത്വത്തിന്റെ ശൂശാനപുഷ്പം എന്നീത്യാദി അനന്യ ലഭ്യമായ വിശേഷണങ്ങൾ ചാർത്തിയാണ് ആദരിക്കുന്നത്.- മുപ്പത്തി എട്ട് പേരുകൾ ഈ അമ്മയെ ചാർത്തിയിരിക്കുന്നു. (കടപ്പാട്: പി.വി. യോഹന്നാൻ, ബൈബിളിലെ യേശുവിന്റെ അമ്മ)

(തുടരും)

കവിത

# ശുക്രന്റെ പതനം!

ആനി വിൽസൺ, ന്യൂ ജേഴ്സി

*സകല മനുകുലമനം വികലമാക്കുമീ വശ്യ മോഹം*
*സകലജനമനതാരിലുരുവായതെന്തഹോ!*
*സടകുടഞ്ഞെഴുന്നേറ്റവൻ അരുണോദയ പുത്രൻ,*
*സർവ്വസൃഷ്ടിജാലങ്ങൾക്കധിപനാം ഈശ്വരൻ തൻ-*
*സ്വകലയിൽ കമനീയതയിൽ മെനഞ്ഞൊരു ദൂതനിവൻ*
*സ്വർലോകസൃഷ്ടിയിൽ അതിസുന്ദരൻ ബുദ്ധിമാനിവൻ*
*കാര്യസ്തനും കർമയോഗിയുമായൊരു യുഗേന്ദ്രനാം ശുക്രൻ.*
*കുരുത്തുതൻ ഹൃത്തിലവനൊരു ഹാനീയ ഭീതമാം കരു*
*കരുത്തനാമവൻ തൻ മനോഹിത കരുക്കളാൽ*
*കൊരുത്തു താൻ ഉത്തര ദിക്കിലുയർന്നോരു സിംഹാസനം*
*കണ്ണുകളുയർത്തി സ്വർഗോന്നതങ്ങളിൽ അവനൊരു ദിനം*
*കണ്ണെടുപ്പാൻ കഴിയാത്തൊരു കമനീയ കാഴ്ച*
*കണ്ടവൻ ഈശ്വരൻ വാഴുന്ന മിന്നും സിംഹാസനം*
*ചൊല്ലിനാൽ ചാപല്യചിത്തനായ് ആവേശമോടവൻ,*
*"ചെന്നെത്തും ഞാൻ ചന്തമായ ജ്യോതിർഗോളങ്ങൾക്കു മീതെ*
*എത്തിക്കുമെൻ കനക സിംഹാസനമീ അത്യുന്നതൻ മേലെ*
*ഉത്തരദിക്കിന്നതിർത്തിയിൽ ഞാനൊന്നൊത്തു നോക്കി*
*ഉത്തുംഗ പർവതശിഖരത്തിൻ സമാഗമത്തിൽ*
*ഉയർന്നിരുന്നരുളുമെന്നേയ്ക്കുമീ ലൂസിഫർ"*
*മാനുഷ ചിന്തകൾക്കതീതനാം ദൈവം സർവശക്തൻ,*
*മനസിലുൾക്കൊണ്ടീ വഞ്ചകന്റെഹമ്മതി തൽക്ഷണം*
*മഹിമോന്നതൻക്രോധത്തിൽ വെട്ടി വീഴ്ത്തിയീ ഹതഭാഗ്യനെ.*
*അത്യുന്നതനു സമനാകാൻ കൊതിച്ചോരീ നിത്യ നാശകൻ,*
*ചെന്നെത്തിയതൊ നിത്യമായ് കത്തുന്ന തീപൊയ്കയിൽ!*
*ചിന്തിച്ചാലന്തമുണ്ടൊ മണ്ണിൽ പിറന്ന മർത്യന്റെ ഗർവം,*
*ചന്തമോടുയർന്നു പൊങ്ങും വെറും നീർകുമിളകൾ മാത്രം!*

പ്രഭാഷണവേദി

# വിതയും കൊയ്ത്തും

**മുഖവുര**

മനുഷ്യജീവിതത്തെ ഒരു വിശാലപാടമായി സങ്കൽപ്പിച്ച് കവി വൈലോപ്പള്ളി എഴുതിയ ഒരു പദ്യശകലം ഇപ്രകാരമാണ്-

നിത്യവും ജീവിതം വിതയേറ്റി - മൃത്യു കൊയ്യും വിശാലമാംപാടം

തത്ര കണ്ടിടാം കൊയ്തതിൽ ചാമ്പൽ - കുത്തിലേന്തി കിളിർത്തഞാർ കൂട്ടം

അത്തലിൽകെടുപായലിൻ മീതെ - ഉൾത്തെളിവിന്റെ തെന്നിപ്പൂന്തോട്ടം

ചൂടെയെത്തുന്ന രോഗ, ദാരിദ്ര - ച്ചാഴിയൂറ്റി കുടിച്ചതിൻ കോട്ടം.

ജനനനമെന്ന വിതയിറക്കലും മരണമെന്ന കൊയ്ത്തും ഉത്തരോത്തരം തുടരുന്ന വിശാലമായ വയലേലയാണ് മനുഷ്യജീവിതം. തലമുറകൾ മണ്ണിലേക്കു മടങ്ങിയ ചാമ്പൽ കുമ്പാരങ്ങളിൽ കിളിർത്തു വളരുന്ന ഞാർ കൂട്ടമായ പുതിയ തലമുറയും രോഗഗ്രസ്ഥരും ദാരിദ്ര്യമെന്ന ചാഴി നീരൂറ്റിക്കുടിച്ചതിന്റെ കോട്ടങ്ങളും!

**പാഠം (Text):** വഞ്ചനപ്പെടാതിരിപ്പീൻ ദൈവത്തെ പരിഹസിച്ചു കൂടാ. മനുഷ്യൻ വിതക്കുന്നതു തന്നെ കൊയ്യും. ജഡത്തിൽ വിതക്കുന്നവൻ ജഡത്തിൽ നിന്നു നാശം കൊയ്യും. ആത്മാവിൽ വിതക്കുന്നവൻ ആത്മാവിൽ നിന്നു നിത്യജീവനെ കൊയ്യും. (ഗലാ. 6.7,8) 1. വഞ്ചനപ്പെടാതിരിപ്പീൻ സാത്താൻ വഞ്ചകനാണ്. ഏദനിൽ ആദ്യമനുഷ്യർ വഞ്ചിക്കപ്പെട്ടു. പാപത്തിന്റെ നിഴൽ കാണുമ്പോൾ അകന്നു മാറണം. ധനം ഒരു വഞ്ചനയാണ്. (മത്താ. 13.22) വാക്കുകളാൽ വഞ്ചിക്കപ്പെടാം. (റോമ. 16.18) നമ്മൾ നമ്മളെത്തന്നെ വഞ്ചിക്കുവാനുള്ള സാദ്ധ്യതയുണ്ട്. (1 യോഹ. 1.8)

2. മനുഷ്യൻ വിതക്കുന്നതു തന്നേ കൊയ്യും. (ഗലാ. 6.7) നല്ല വിത്തു വിതച്ച പാടത്തിൽ ശത്രു ഗോതമ്പിന്റെ ഇടയിൽ കള വിതയ്ക്കും. (മത്തായി. 13.25) ഒരു വിത്ത് വിതച്ചാൽ അതിൽ അനേക വിത്തുകൾ വിളയും. ആത്മാവിൽ വിതയ്ക്കുന്നത് ആത്മീയ കാര്യങ്ങളിൽ അഭിവൃദ്ധിക്കു വേണ്ടി പ്രയത്നിക്കുന്നതാണ്.

3. ദൈവത്തെ പരിഹസിച്ചു കൂടാ. സാത്താൻ (2 തിമൊ.2.14) മനുഷ്യഹൃദയങ്ങളിൽ നിന്നു ദൈവവചനമായ വിത്ത് എടുത്തു കളയുന്നു. (മത്തായി 13.19)

4. വിതക്കും കൊയ്ത്തിനും മൂന്ന് മാസത്തെ ഇടവേളയുണ്ട്. ദൈവം ന്യായവിധിക്ക് ഒരു ദിവസം നിശ്ചയിച്ചുണ്ട്. (അപ്പൊ. 30.31) ക്രിസ്തുവിന്റെ ന്യായാസനത്തിങ്കൽ പ്രതിഫലത്തിന്റെ ഒരു നാളുമുണ്ട്. (2 കൊരി. 5.10)

5. നിങ്ങൾ ദുഷ്ടത ഉഴുതു നീതികേടു കൊയ്തു. ദോഷത്തിന്റെ ഫലം തിന്നിരിക്കുന്നു. (ഹോശേയ. 10.13) ദുഷ്ടന്മാരുടെ തലമുറകൾ ശാപഗ്രസ്ഥരായ ഉദാഹരണങ്ങൾ ദൈവവചനത്തിൽ കാണാം.

6. നിങ്ങൾ മുള്ളുകളുടെ ഇടയിൽ വിതക്കാതെ തരിശു നിലം ഉഴുവിൻ (യിര. 4.3)

7. കാറ്റിനെ വിചാരിക്കുന്നവൻ വിതക്കയില്ല. മേഘങ്ങളെ നോക്കുന്നവൻ കൊയ്യുകയുമില്ല. (സഭാ. 11.4). മടിയുള്ള കൈകൊണ്ടു പ്രവർത്തിക്കുന്നവൻ ദരിദ്രനായിത്തീരുന്നു. ഉത്സാഹികളുടെ കയ്യോ സമ്പത്തുണ്ടാക്കുന്നു. (സദൃ: 10:4)

**ഉപസംഹാരം.**

ഞാൻ നട്ടു, അപ്പൊല്ലോസ് നനച്ചു, ദൈവമത്രേ വളരുമാറാക്കിയത്. ആകയാൽ വളരുമാറാക്കുന്ന ദൈവമല്ലാതെ നടുന്നവനും നനയ്ക്കുന്നവനും ഏതുമില്ല. ഓരോരുത്തനു താന്താന്റെ അദ്ധ്വാനത്തിന് ഒത്തവണ്ണം കൈക്കൂലി കിട്ടും. ഞങ്ങൾ ദൈവത്തിന്റെ കൂട്ടു വേലക്കാർ (1 കൊരി. 3.6-9) പൗലോസിന്റെ മനോഭാവത്തോടെ നമുക്കു വിതയ്ക്കാം. നമ്മുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല. അവകാശം എന്ന പ്രതിഫലം കർത്താവു തരും എന്നറിഞ്ഞ് ക്രിസ്തുവിനെ സേവിപ്പിൻ (കൊലൊ. 3.24)

വിതച്ചിടുക നാം - സ്വർഗ്ഗത്തിന്റെ വിത്താം

ക്രിസ്തൻ സുവിശേഷം - ഹൃദയങ്ങളിൽ

കൊയ്ത്തു കാലത്തിൽ - നാം സന്തോഷിച്ചും

കറ്റകൾ ചുമന്നും - കൊണ്ടുവന്നിടും

ഇപ്പോൾ വിതക്കാതെ - ഇരുന്നാൽ കൊയ്യാതെ

രക്ഷകൻ മുമ്പാകെ - നിൽക്കും ലജ്ജയിൽ- K.C.M.

# കർത്തൃദിവസം (Lord's day)

പുതിയ നിയമത്തിൽ വെളിപാട് 1.10 ൽ മാത്രം ഉള്ള പ്രയോഗമാണ് 'കർത്തൃ ദിസം' മാസത്തിലെ ഒന്നാമത്തെ ദിവസം ചക്രവർത്തിയെ ആരാധിക്കുന്നതിനായി നീക്കി വച്ച ദിവസമായിരുന്നു Sebaste എന്നായിരുന്നു ഈ പ്രത്യേക ദിവസത്തെ വിളിച്ചിരുന്നത്. അതിന്റെ അർത്ഥം ചക്രവർത്തിയുടെ ദിവസം എന്നായിരുന്നു.ഈ സമ്പ്രദായത്തിനു വിപരീതമായിട്ടു ആഴ്ചയിലെ ഒന്നാമത്തെ ദിവസത്തെ 'കർത്താവിന്റെ ദിവസം' എന്ന നിലയിൽ ക്രിസ്ത്യാനികൾ കർത്തൃദിവസം എന്നു വിളിച്ചിരുന്നത്.

ഞായറാഴ്ച ആചരിക്കുവാൻ തിരുവചനത്തിൽ കല്പനയില്ല. യിസ്രായേൽ മക്കൾക്ക് ശബത്ത് ആചരിക്കുവാൻ കല്പനയുണ്ടായിരുന്നു. യേശുക്രിസ്തു. യേശുക്രിസ്തു നമ്മെ ശബത്തിൽ നിന്ന് വിടുവിച്ചിരിക്കുന്നു. ഭക്ഷണപാനീയങ്ങൾ സംബന്ധിച്ചോ പെരുന്നാൾ, വാവ്, ശബത്ത് എന്നീ കാര്യത്തിലോ ആരും നിങ്ങളെ വിധിക്കരുത്. മനുഷ്യനു വേണ്ടിയാണ് ശബത്ത് സൃഷ്ടിച്ചത്. ശബത്ത് - സമാധാനം, ആശ്വാസം എന്നാണ്. ഈ സമാധാനവും ആശ്വാസവും നമുക്ക് ലഭിക്കുന്നത് യേശുക്രിസ്തുവിങ്കൽ നിന്നാണ്. ക്രിസ്തീയ ജീവിതം ഒരു ശബത്ത് അനുഭവമാണെന്നും അതിന്റെ പൂർണ്ണതയ്ക്കായി നാം കാത്തിരിക്കുന്നു എന്നു എബ്രാ. 4.9-11-ൽ പ്രഖ്യാപിച്ചിരിക്കുന്നു.

സഭയുടെ പ്രാരംഭ നാളുകളിൽ വിശ്വാസികൾ ദിനംപ്രതി ദേവാലയത്തിൽ കൂടി വരുമായിരുന്ന അപ്ര. 2.45-46 തുടർന്ന് അപ്പോസ്തോലകാലം മുതൽ ആരാധനയും കർത്തൃമേശയും തുടങ്ങി കർത്താവ് നമ്മുടെ നീതീകരണത്തിനായി പുനരുത്ഥാനം ചെയ്തതു ആഴ്ചയുടെ ഒന്നാം നാളിലായിരുന്നു. പുനരുത്ഥാനശേഷം കർത്താവ് തന്റെ ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടത് ഒരു ഞായറാഴ്ചയായിരുന്നു. യോഹ. 20.19. ദൈവസഭയുടെ പ്രാരംഭ ദിവസം പെന്തക്കോസ്തു നാൾ (അമ്പതാം നാൾ) ആഴ്ചയിലെ ഒന്നാം നാളായ ഞായറാഴ്ചയാണ്. ഞായറാഴ്ചകളിൽ വിശ്വാസികൾ കൂടി വരുകയും ആരാധനയും കർത്തൃമേശ ആചരണവും തുടർന്നു (അപ്ര. 20.7, 1 കൊരി.16.2)

**കർത്തൃദിവസം നാം എങ്ങനെ ചെലവഴിക്കുന്നു.?**

യഹോവയുടെ ആലയത്തിലേക്കു നമുക്കു പോകാം എന്നു അവർ എന്നോടു പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു. സങ്കീ. 122.1. ദേവാലയം ദൈവത്തിന്റെ സഭയാണ്. സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവാലയത്തിൽ നടക്കേണ്ടതിന് എങ്ങനെ നീ അറിയേണ്ടതിന് ഇത് എഴുതുന്നു. (1 തിമൊ:3.15)

ദൈവസഭ എന്ന ദേവാലയത്തിലേക്ക് പോകുക. നമ്മുടെ സാമൂഹ്യജീവിതത്തിൽ വ്യക്തിബന്ധങ്ങൾ ബലപ്പെടുന്നതിനും സഹായിക്കുന്നത് ദൈവസാന്നിദ്ധ്യവും, ആരാധനയും, ദൈവവചന ശ്രവണവുംസ്ഥലം സഭ എന്ന ആലയം നമ്മുടെ ആത്മാവിന്റെ കോട്ടയും ദൈവിക സംരക്ഷിതവുമാകുന്നു. അവൻ വിശുദ്ധ മന്ദിരത്തിൽ നിന്നു നിനക്കു സഹായം അയയ്ക്കുമാറാകട്ടെസങ്കീ. 20.2. അതുകൊണ്ടാണ് സങ്കീർത്തനക്കാരൻ "യഹോവയുടെ ആലയത്തിലേക്കു പോകാം എന്ന് അവർ എന്നോടു പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു എന്നു പറഞ്ഞത്.

# ബെഞ്ചമിൻ ഫ്രാങ്ക്ളിൻ തെളിയിച്ച വിളക്ക്

മഹാനായ ബെഞ്ചമിൻ ഫ്രാങ്ക്ളിൻ (1706 - 90) ഫിലഡെൻ ഫിയയിൽ താമസിക്കുന്ന കാലത്ത് വഴിവിളക്കുകൾ സാധാരണമല്ലായിരുന്നു. തന്മൂലം രാത്രി യാത്രക്കാർ ഏറെ ക്ലേശിക്കുന്നതായി അദ്ദേഹം മനസ്സിലാക്കി.

ഈ പ്രശ്നത്തിനു പരിഹാരം കാണുന്നതിനു വേണ്ടി അദ്ദേഹം ചെയ്തത് സ്വന്തഭവനത്തിനു മുന്നിൽ ഒരു വിളക്ക് തെളിച്ചു. തന്റെ ഭവനത്തിനു എല്ലാ ദിവസവും വിളക്കു തെളിച്ചു. പിച്ചളയിൽ തീർത്ത ആ വിളക്ക് നന്നായി പോളിഷ് ചെയ്തു മനോഹരമായി സൂക്ഷിക്കുന്നതിനും അദ്ദേഹം ശ്രമിച്ചു.

അധികം താമസിയാതെ തന്റെ അയൽവാസികൾ തങ്ങളുടെ ഭവനങ്ങളുടെ മുമ്പിലും തെളിക്കാൻ തുടങ്ങി. ഈ നടപടി വഴിയാത്രക്കാർക്കു കൂടുതൽ ഉപകാരപ്രദമായി. ഫിലഡെൽഫിയ നഗരത്തിലുള്ളവർ മുഴുവൻ ഈ മാതൃക പിന്തുടരുന്നതിനു അധികനാൾ വേണ്ടി വന്നില്ല.

വഴിയാത്രക്കാർ വെളിച്ചമില്ലാതെ ക്ലേശിക്കുന്നതു കണ്ടപ്പോൾ ഫ്രാങ്കളിനു വേണമെങ്കിൽ പ്രശ്നപരിഹാരത്തിനായി ഗവൺമെന്റിനെ സമീപിക്കുമായിരുന്നു. സ്റ്റേറ്റ്മാൻ, സൈന്റിസ്റ്റ്, പബ്ലിക് ലീഡർ എന്ന നിലയിൽ മഹാനായ അദ്ദേഹത്തിന്റെ മാതൃക മൂലം മറ്റു പട്ടണങ്ങളിലും വഴി വിളക്കുകൾ ഉളവായി.

സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി നമുക്കു ചെയ്യാവുന്ന ഒട്ടേറെ കാര്യങ്ങളുണ്ട്. എന്നാൽ അതിനു നാം തയ്യാറാകാതെ ഗവൺമെന്റ് ആ ജോലി ചെയ്യട്ടെ എന്നാണ് നമ്മുടെ ചിന്താഗതി. നമ്മുടെ വീടിന്റെ മുമ്പിലെ വഴിയിലെ കുഴികളെക്കുറിച്ചു പറഞ്ഞു നടക്കാതെ കുറച്ചു കല്ലുകൾ ആ കുഴിയിൽ നികത്തിയാൽ ഒരു അപകടത്തിന് സാക്ഷിയാകേണ്ടി വരികയില്ല. ഫ്രാങ്കളിനെപ്പോലെ പൊതു നന്മയ്ക്കായി നമുക്കു ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യുക അതിനു ശേഷമാകട്ടെ വിമർശനങ്ങൾ!

**രാജൂച്ചാനും അമ്മിണീമ്മാമ്മയും**



"മാധ്യമരംഗത്ത് 'ഭ്രൂണഹത്യ'! ഒരു മാസികയിലെ തലക്കെട്ട്"

"പുതിയ മാസികയല്ലേ പുതിയ പംക്തിയായിരിക്കും"

# കുടിശ്ശിക

– ജിജോ അങ്കമാലി

വരി സംഖ്യ കൊടുക്കാതെ കുടിശ്ശിഖ വരുത്തുന്നതിന് ഇന്നു വളരെ പ്രചാരം സിദ്ധിച്ചിട്ടുണ്ട്. പ്രസിദ്ധീകരണങ്ങളുടെ കൂട്ടത്തിൽ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളെയാണ് ഇവ രൂക്ഷമായി ബാധിക്കുന്നത്. കുടിശ്ശിക ഏറിവരുന്തോറും ഇനി എന്തു ചെയ്യണം എന്ന ചോദ്യത്തിന് പത്രാധിപർ മറുപടി പറയാൻ തെല്ല് താമസിച്ചേക്കും. കുടിശ്ശികക്കാർ മന പൂർവ്വമല്ലെങ്കിലും അവരിൽ നിന്നും പണം വാങ്ങുക എന്നത് വിചാരിക്കുന്നത്ര എളുപ്പമുള്ള പണിയുമല്ല.

പ്രിയരേ ഇന്ന് നാം കാണുന്ന നൂറുകണക്കിന് അക്രൈസ്തവ പ്രസിദ്ധീകരണങ്ങളിലൊന്നും തന്നെ കുടിശ്ശികക്കാർ എന്ന ഒരു ലിസ്റ്റ്പോലും കാണാൻ കഴിയുകയില്ല. എന്നാൽ എന്തുകൊണ്ട് നമ്മുടെ പ്രസിദ്ധീകരണങ്ങൾക്ക് ഈ ഗതി പിണയുന്നു. നാം തന്നെയാണ് ഇതിന് ഉത്തരവാദികൾ എന്ന കാര്യം മറക്കരുത്. വളരെ ക്രമാനന്തരം അണിഞ്ഞൊരുങ്ങി താമസവും മുടക്കവുമേൽക്കാതെ നിങ്ങളെ സന്ദർശിച്ചുകൊണ്ടിരിക്കുന്ന വാരികകളെയും മാസികകളെയും പോഷിപ്പിച്ച് നിലനിർത്തേണ്ട ചുമതല വായനക്കാരും വരിക്കാരുമായ നമ്മളിൽ തന്നെയാണ് നിക്ഷിപ്തമായിരിക്കുന്നത്.

വർഷത്തിലൊരിക്കൽ ഒരു സംഖ്യ അയയ്ക്കാൻ നിങ്ങൾ ഓർക്കാതെ പോയാൽ നിങ്ങൾ ദിവസവും ഇവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന കാര്യം എന്നോ മറന്നു കാണും. ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾക്ക് കുടിശ്ശിക നിർത്തി ദൈവത്തിനു കടക്കാരനാകാതിരിപ്പാൻ ശ്രദ്ധിച്ചാലും. ●


# സഭാ തർക്കം: ചർച്ചകൾ വഴി മുട്ടി!

**കോലഞ്ചേരി:** സെന്റ് പീറ്റേഴ്സ് ആൻഡ് പോൾസ് പള്ളിയുമായി ബന്ധപ്പെട്ട് ഓർത്തഡോക്സ്, യാക്കോബായ സഭകൾ തമ്മിലുള്ള തർക്കം പരിഹരിക്കാൻ കേരള മീഡിയേഷൻ സെന്റർ നിയോഗിച്ച അഭിഭാഷക സമിതിയുടെ ചർച്ചകൾ വഴിമുട്ടി. മുസ്ലീം ലീഗ് നേതാക്കൾ, മാർത്തോമ്മാ വലിയ മെത്രാപ്പോലീത്ത, അഭിഭാഷക സമിതി എന്നിവരെല്ലാം കിണഞ്ഞ് ശ്രമിച്ചിട്ടും സമവായത്തിലെത്താനായില്ല. മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായും സുന്നഹദോസ് സെക്രട്ടറി ഡോ. മാത്യൂസ് സേവേറിയോസും കോലഞ്ചേരി കാതോലിക്കേറ്റ് സെന്ററിൽ നടത്തുന്ന ഉപവാസസമരം ശക്തമായി തുടരാൻ ഓർത്തഡോക്സ് സഭ തീരുമാനിച്ചു. ചർച്ചകളിൽ നിന്നു പിന്മാറുന്നതായി ഓർത്തഡോക്സ് സഭ അറിയിച്ചു.


രണ്ടാഴ്ച ഓർത്തഡോക്സ് സഭയും ഒരാഴ്ച യാക്കോബായ സഭാംഗങ്ങളുമാണ് പള്ളിയിൽ ആരാധന നടത്തിയിരുന്നത്. തൽസ്ഥിതി തുടരണം എന്നതാണ് യാക്കോബായ സഭ പറയുന്നത്. നീതി ലഭിക്കും വരെ യാക്കോബായ ചാപ്പലിൽ നടത്തുന്ന അഖണ്ഡ പ്രാർത്ഥനായജ്ഞം തുടരുമെന്നും അവർ പറഞ്ഞു.

അഞ്ചു തലമുറയായി നടക്കുന്ന ഒരു പ്രശ്നമാണ്. രണ്ടു കാതോലിക്കാ ബാവാമാരുടെ നേതൃത്വത്തിൽ ഉപവാസ സമരം തുടരുന്നു. കാതോലിക്കാ ബാവാ (ആകമാനസഭയുടെ പിതാവ്) മാർ സത്യാഗ്രഹം നടത്തുന്നത് രണ്ടു സഭകൾക്കും ഇൻഡ്യൻ ക്രിസ്ത്യാനികൾക്കും ലോകത്തിന്റെ മുമ്പിൽ അപമാനമാണ്. മന്ത്രിയുടെ ഓഫീസിലും മുഖ്യമന്ത്രിയുടെ വസതിയിലും ഉപരോധം നടന്നു. രണ്ടു ഭാഗങ്ങളും ഒരു പള്ളിയിൽ ആരാധിക്കണമെന്നുള്ളതാണ് പ്രശ്നം. സമരം തുടർന്നു പൊകുകയും സമരത്തിനു ചൂട് കൂടിയാൽ ഭരണാധികാരികൾക്ക് പള്ളി പൂട്ടേണ്ടി വരും. ഈ പ്രശ്ന പരിഹാരത്തിന് രണ്ടു കൂട്ടരും പ്രാർത്ഥിക്കുകയാണല്ലോ. സ്വർഗ്ഗീയ ദൈവം ഒരു ന്യായാധിപനെ നിയമിച്ചിരിക്കുന്നു. (അ. പ്ര. 17.31) ആ ന്യായാധിപതിയുടെ വിധി (മത്തായി 5.23 – 26.) വായിക്കുക. ●

## കർത്താവിൽ നിദ്രപ്രാപിച്ചവർ



**കുളനട:** ബഥേൽ ഹൗസിൽ ടി. ജെ. തോമസ് (83) കർത്താവിൽ നിദ്ര പ്രാപിച്ചു സെപ്:10 ശനിയാഴ്ച പുന്തല ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്ക്കരിച്ചു. ഭാര്യ മറിയക്കുട്ടി. മക്കൾ: ജോയിസ്, മേഴ്സി, ജോൺസൺ, സുവി. തോംസൺതോമസ് (മുംബൈ) ജോളി പരേതൻ ഗ്രന്ഥകർത്താവും ആനുകാലികങ്ങളിൽ എഴുത്തുകാരനുമായിരുന്നു.




**മാമ്മൂട്:** കരുവനാം പൊയ്കയിൽ കെ. ടി. ഉമ്മച്ചന്റെ ഭാര്യ സാറാമ്മ (94) നിര്യാതയായി. കണിച്ചുകുളം ബ്രദറൺ സെമിത്തേരിയിൽ സംസ്ക്കരിച്ചു. മക്കൾ: കുഞ്ഞമ്മ, ശോശാമ്മ, തമ്പി, എൽസി, മറിയാമ്മ, കുഞ്ഞുമോൾ, രാജു, ലീലാമ്മ, ജോയിക്കുട്ടി.



**തിരുവനന്തപുരം:** കേശവദാസപുരം കാക്കനാട് ലെയ്നിൽ പി. ടി. ജോർജ്ജ് നിര്യാതനായി. പരുത്തിപ്പാറ സെമിത്തേരിയിൽ സംസ്ക്കരിച്ചു. കിടങ്ങന്നൂർ പേരങ്ങാട്ടുപടിക്കൽ കുടുംബാംഗമാണ്. ഭാര്യ ശാന്തമ്മ, മക്കൾ: ഡോ. ബിജി തോമസ്, ജോർജ്ജ് ജി. സൂസൻ, ഡോ. എം. ലൗലി ജയിംസ് വർഗീസ്, ബിജോ തോമസ്, കോശി കെ. പോൾ



**ആർപ്പൂക്കര:** കൊച്ചാടത്ത് കെ. പി. യോഹന്നാൻ (കുട്ടപ്പൻ –60) നിര്യാതനായി. കോൺഗ്രസ് ഐ വാർഡ് പ്രസിഡന്റായിരുന്നു. ഭാര്യ ആലീസ്, മക്കൾ: ആനി, അനീഷ്, ബേബിച്ചൻ, സൗമ്യ. മുഖ്യമന്ത്രി വസതിയിലെത്തി അന്ത്യോപചാരമർപ്പിച്ചു.



**അയർക്കുന്നം:** ചേന്നാമറ്റം പള്ളിപ്പറമ്പിൽ നിര്യാതനായ പി.ഡി. വർഗീസിന്റെ (86) സംസ്ക്കാരം 11 നു താളിക്കല്ല് ബ്രദറൺ സഭാ സെമിത്തേരിയിൽ ഭാര്യ: കുറോപ്പട അരിമ്പുമല മറിയാമ്മ. മക്കൾ: പാപ്പച്ചൻ, പെണ്ണമ്മ, തങ്കച്ചൻ, കുഞ്ഞുഞ്ഞമ്മ, ജോസ്, പരേതയായ ആലീസ്, മരുമക്കൾ: ശോശാമ്മ, ദാസ്, വൽസമ്മ, കുട്ടച്ചൻ, കുഞ്ഞുമോൻ (ബറോഡ) ഗ്രേസി.

### എത്യോപ്യയിൽ കഴിയുന്ന 82700 പേർ യിസ്രായിലേക്ക്



1948 ൽ ഇസ്രായേൽ രാജ്യം സ്ഥാപിതമായതുമുതൽ ലോകത്തിന്റെ ഭാഗങ്ങളിൽ നിന്നു യഹൂദർ വിശുദ്ധനാട്ടിലേക്കു വരുന്നു. ബൈബിളിലെ പ്രവചന നിവർത്തിയാണിത്. സകല രാഷ്ട്രീയ, മത പ്രതിസന്ധികളുടെ മധ്യത്തിൽ യെഹൂദ കുടിയേറ്റം അടിയന്തരമാണെന്നും കുടിയേറ്റ പരിപാടികൾക്കു നേതൃത്വം നൽകുന്ന ഐ.സി. ഇ.ജെ. ഡയറക്ടർ ഹോവഡ് ഫ്ളവർ പറഞ്ഞു.

## പതിരില്ലാത്ത പഴഞ്ചൊല്ലുകൾ

He who has but one cloth cannot lend it

ഒരു വസ്ത്രം മാത്രമുള്ളവന് വാടകയ്ക്ക് കൊടുക്കാനാവില്ല.

He who would climb the ladder must begin at the bottom

ഏണി കയറുന്നവൻ ഏറ്റവും താഴത്തെ പടിയിൽ നിന്നു തുടങ്ങണം

It is impossible to make a crab walk straight

ഒരു ഞണ്ടിനെ നേരെ നടത്തുക എന്നത് അസാദ്ധ്യമാണ്

When rainfalls, it does not fall on one roof alone

മഴ പെയ്യുമ്പോൾ അത് ഒരു മേൽക്കൂരയ്ക്കുമേൽ മാത്രമാവില്ല


വാർത്തകൾ, രചനകൾ, കത്തുകൾ, വരിസംഖ്യ, മേൽവിലാസ മാറ്റം എന്നിവ അയയ്ക്കേണ്ട വിലാസം:

കെ. സി. മാത്യു
പബ്ലീഷർ
പി. ബി. നമ്പർ 8
പാമ്പാടി പി. ഒ.
കേരള

ഫോൺ: 0481: 2307241
വാർഷിക വരിസംഖ്യ : 50 രൂപ


# സാരോക്തികൾ

ദൈവത്തെ അനുസരിക്കുവാനുള്ള ഏറ്റവും വലിയ പ്രേരകം ദൈവത്തെ പ്രസാദിപ്പാനുള്ള ആഗ്രഹമാകുന്നു

ദൈവം നമ്മുടെ ജീവിതത്തിൽ വർഷങ്ങൾ വർദ്ധിപ്പിക്കുമ്പോൾ നമ്മുടെ വർഷങ്ങളിൽ അവന്റെ ജീവൻ നിറയട്ടെ

ദൈവത്തിന്റെ ശക്തി അനുഭവിച്ചറിയണമെങ്കിൽ നാം നമ്മുടെ ബലഹീനതയെ തിരിച്ചറിയണം

ദൈവത്തെ പിതാവ് എന്നു വിളിക്കുകയും അവന്റെ മക്കളായി ജീവിക്കുകയും ചെയ്യുമ്പോൾ അവന്റെ നാമത്തിനു ബഹുമതി നൽകുന്നു.

ദൈവം എപ്പോഴും നാം അപേക്ഷിക്കുന്നതും അതിലുപരിയായതും കൂടെ നമുക്കു തരുന്നു. ●


Printed & Published by K.C. Mathew, Mizpha, Pampady, Kottayam Design, Lay Out & Printed at Geo Offset, Manarcad, Kottayam Postal Registration No. KL/KTM/278/2009-11

<u>**Posted at R.M.S. Kottayam on 30.09.2011**</u>

From
**K.C. Mathew, P.B. No.8**
Pampady, Kottayam. Ph: 0481-2508589
Pin: 686 502. E-mail: highrangeecho@gmail.com

To,
Mr/Mrs./Sri.